Registered No. M-4485 Madras War Review, Malayalam—8-6-1945

# യുദ്ധസഞ്ചിക

വോള്യം IV] മദിരാശി: 1945 ജൂൺ 8-ാംനു, വെള്ളിയാഴ്ച [ലക്കം 38



## പോക, പോക സമാധാനജീവിതം പൂകുവാനായ് പുരോഗമിച്ചീടുക!

**നീണ്ടുനിന്ന** ഒരു യുദ്ധത്തിന്നുശേഷം ഒരു ലോകസഭയിൽവെച്ച് സമാധാനത്തെപ്പററിയുള്ള തുറന്ന വിവാദം അസ്വാഭാവികമായിത്തോന്നിയേക്കാം. എന്നാൽ, സുശക്തവും ജനകീയവുമായ ഒരു സമാധാനം സൃഷ്ടിക്കുന്നതിന്നാണ് ഞങ്ങൾ പ്രവൃത്തിക്കുന്നത്. ആത്മാർത്ഥവും ഉശിരുള്ളതുമായ തുറന്ന വാദപ്രതിവാദത്തിലൂടെ മാത്രമേ അതു സാധ്യമാവുകയുള്ളൂ.

**ഏതൊരു** രാഷ്ട്രത്തിന്റെയും—ഏററവും പ്രബലമായ രാഷ്ട്രത്തിന്റെയുംകൂടി പരമാധികാരം തികച്ചും കേവലമല്ലാതിരിക്കുന്ന ഒരു ലോകത്തിലാണ് നാം ജീവിക്കുന്നതെന്നു മനസ്സിലാക്കേണ്ടതാണ്. ഏതൊരു രാജ്യത്തിന്നും തീരുമാനം ചെയ്യുന്നതിന്നു പരിപൂർണ്ണസ്വാതന്ത്ര്യം ഇല്ലതന്നെ. നമ്മുടെ കോൺഗ്രസ്സിന്റെ ഒരു തീരുമാനത്താലല്ല, പ്രത്യുത, ജാപ്പാനീസ് ഹൈക്കമാൻറിന്റെ പ്രവൃത്തിയാലാണ്, അമേരിക്കയെ യുദ്ധത്തിലിറക്കിയ ആ സംഭവം—പേൾ ഹാർബർ ആക്രമണം—ഉണ്ടായത്.

**സമാധാന** ലക്ഷ്യത്തിലേക്കു നമുക്കു മുന്നോട്ടു പോകുക. നമ്മുടെ പാരമ്പര്യത്തിന്നും, വിദൂരമായ രണാങ്കണങ്ങളിൽ ആത്മബലി അർപ്പിച്ച വീരന്മാർക്കും അനുയോജ്യമായ മഹത്വപൂർവ്വം നമുക്കു സമാധാന ലക്ഷ്യത്തിലേക്കു മുന്നോട്ടു പോകുക.

—അമേരിക്കൻ വിദേശ കാര്യ മന്ത്രി മി. സ്റ്റെററിന്യസ്, മേയി 28-ാംനു, സാൻഫ്രാൻസിസ്കോവിൽവെച്ചു ചെയ്ത ഒരു പ്രക്ഷേപിണി പ്രസംഗത്തിൽ

# ജാപ്പുകൾ മനസ്സിലാക്കട്ടെ!

ടോക്കിയോവിന്ന സംഭവിച്ചതുതന്നെ, ജാപ്പു യുദ്ധയന്ത്രത്തെ പോററിവരുന്ന മററു ജാപ്പു നഗരങ്ങൾക്കും സംഭവിക്കും. ജീവനെ രക്ഷിക്കണമെന്നുണ്ടെങ്കിൽ, പൌരന്മാർ ആ നഗരങ്ങളിൽനിന്ന ഒഴിച്ചുപോകേണ്ടതാണെന്ന ഞാൻ പറയുന്നു. ഏപ്രിലിൽ മാത്രം 20 ബോംബാഡ്മെൻറ് ഗ്രൂപ്പുകൾക്ക യൂറോപ്പിൽനിന്ന വിദൂരപൌരസ്ത്യദേശത്തിലേക്ക വരുന്നതിന്ന ആജ്ഞ ലഭിച്ചിരിക്കുന്നു.

പാസഫിക്ക് സേന ഒരു കൊല്ലത്തിന്നുള്ളിൽ 7,000,000 പേരായി ഇരട്ടിക്കും. യൂറോപ്യൻ രംഗത്തിൽ ഇതേവരെയും യുദ്ധം ചെയ്തിരുന്ന 35 ലക്ഷം പേരെ പാസഫിക്ക് രംഗത്തിലേക്ക കൊണ്ടുവരുന്നതാണ്.

ജാപ്പുകൾക്ക ആയുധധാരികളായി 4,000,000 ഭടന്മാരുണ്ട്. പാശ്ചാത്യരംഗത്തിൽ സഖ്യസേനകളെ എതിർത്ത ജർമ്മൻ സേനയെക്കാൾ വലുതാണിതു്. കൂടാതെ സൈനിക വയസ്സെത്തിയവരായ നിരവധി പേർ ഇപ്പോഴും ഉണ്ട്. ജപ്പാൻെറ സൈനികശക്തിയിലെ പ്രധാനവിഭാഗവുമായി നാം ഏററുമുട്ടിയിട്ടില്ല. ജപ്പാന്ന 3,000 യുദ്ധക്കപ്പലുകളുണ്ട്. മാസംതോറും 1,500 വിമാനങ്ങൾ അവൎക്ക നിൎമ്മിക്കാനും സാധ്യമാണ് . . .

അമേരിക്ക യുദ്ധത്താൽ ക്ഷീണിച്ചു അവസാനം സന്ധിക്ക സമ്മതിക്കുമെന്ന ജപ്പാൻകാർ വിശ്വസിക്കുന്നു: ഈ രാജ്യം തെല്ലിട വിശ്രമിക്കുകയോ, ഉദ്ദേശ്യത്തിൽനിന്നും വ്യതിചലിക്കുകയോ ഇല്ലെന്നും അവർ മനസ്സിലാക്കട്ടെ. വിജയം നേടുന്നതിന്ന നമുക്ക വേണ്ടത്ര ഭടന്മാരും, സാമഗ്രികളും, വൈദഗ്ദ്ധ്യവും, നേതൃത്വവുമുണ്ട്. നമ്മെ സഹായിക്കുന്നതിന്ന സഖ്യശക്തികളുമുണ്ട്. നമ്മുടെ ലക്ഷ്യത്തിൽ നമ്മൾ വളരെ ദൃഢപ്രതിജ്ഞിതരാണ്. പരിപൂൎണ്ണമായി വിജയം കൈവരുംവരെയും നമ്മൾ കിണഞ്ഞുപൊരുതുക തന്നെ ചെയ്യും.

—പ്രസിഡെണ്ടു ഹാരി എസ്. ട്രൂമാൻ, 1945 ജൂൺ 1-ാംനു കോൺഗ്രസ്സിന്ന അയച്ച ഒരു സന്ദേശത്തിൽ.

## അവർ പറയുന്നതു്

### മനുഷ്യസമുദായത്തിൻെറ ഉത്ഭവം

സ്വാന്തരക്ഷയ്ക്കും, പൊതുതാല്പൎയ്യത്തിലൂടെ സ്വാൎത്ഥതാല്പൎയ്യങ്ങൾ പുലൎത്തി ജീവിതസമരത്തിൽ കൂടുതൽ വിജയം നേടുന്നതിന്നും വേണ്ടിയാണ് ആദ്യമായി മനുഷ്യർ കൂട്ടായി ജീവിക്കുവാൻ ആരംഭിച്ചതു്. ഇങ്ങിനെ പല ദശകളും അവർ തരണം ചെയ്യുകയും, അവരുടെ ജീവിതസമ്പ്രദായങ്ങൾ പല രീതികളിലൂടെ പ്രയാണം ചെയ്യുകയും ഉണ്ടായി. അവസാനം, കൃഷി ചെയ്യാൻ പഠിച്ചതോടുകൂടി മനുഷ്യർ സാമൂഹ്യജീവിതത്തിന്ന തുടൎന്നു. അതേവരെയും ഭക്ഷണാവശ്യാൎത്ഥം കൊല്ലേണ്ടിവന്ന മൃഗങ്ങളുടെ പിന്നാലെ അവർ പാഞ്ഞുനടക്കുകയായിരുന്നു. കൃഷിചെയ്തു ധാന്യങ്ങളുണ്ടാക്കുവാൻ തുടങ്ങിയപ്പോൾ അവൎക്ക ഒരിടത്തു സ്ഥിരമായി താമസിക്കേണ്ടിവന്നു.

പിന്നത്തെ വലിയ സാമൂഹ്യപരിണാമം സംഭവിച്ചതു് മനുഷ്യൎക്ക മൃഗങ്ങളെ ഇണക്കി ഉപയോഗിക്കാൻ സാധിച്ചപ്പോഴാണ്. അതേവരെയും ജീവസന്ധാരണത്തിന്ന അവൎക്ക സ്വന്തമായിത്തന്നെ പ്രവൎത്തിച്ചേ നിൎവ്വാഹമുണ്ടായിരുന്നുള്ളൂ. മൃഗങ്ങളെ അതിന്നുപയുക്തമാക്കാമെന്ന വന്നപ്പോൾ, ഒരു വലിയ ഭാഗം അദ്ധ്വാനം മനുഷ്യന്ന ലാഭിക്കാൻ കഴിഞ്ഞു. ഇതുമൂലം സമുദായത്തിൽ ഒരു വമ്പിച്ച വിപ്ലവം സമുൽഭൂതമായി. ഇദംപ്രഥമമായി മനുഷ്യന്ന കുറച്ചു വിശ്രമവേള ലഭിക്കുകയും, ആ സമയത്തെ മററു മാൎഗ്ഗങ്ങളിൽ ചെലവഴിക്കുന്നതിന്ന സാധിക്കുകയും ചെയ്തു. 'മനുഷ്യൻെറ പ്രത്യേക സിദ്ധികൾ' എന്ന പറയുന്ന അവയുടെ ഉത്ഭവം ഇതുമുതലാണ്.

ജീവിതനിൎവ്വഹണത്തിന്ന സ്വശക്തി മുഴുവനുംതന്നെ ഉപയോഗിക്കേണ്ടിവന്നിരുന്ന അക്കാലത്തു മനുഷ്യനും ഇതരജീവികളും തമ്മിൽ പ്രായേണ വലിയ വ്യത്യാസമൊന്നും ഉണ്ടായിരുന്നില്ല. തൻെറ ശക്തിയിൽ ഒരു ഭാഗം മാത്രം വിനിയോഗിച്ചു ജീവിതനിൎവ്വഹണത്തിന്ന പ്രാപ്തമായപ്പോൾ, മനുഷ്യൎക്ക തങ്ങളുടെ സവിശേഷമായ വശങ്ങളിലേക്ക ശ്രദ്ധിക്കുന്നതിന്ന സാദ്ധ്യമായിത്തുടങ്ങി.

പ്രാചീന മനുഷ്യ സമുദായ ചരിത്രത്തിൻെറ സംക്ഷിപ്തമായ ഈ അവഗ്രഥനത്തിൽനിന്ന നമുക്ക മനസ്സിലാകുന്ന സാമൂഹ്യപരിണാമം ദൈവീകനിയമത്തിന്ന വിധേയമായ ഒന്നല്ലെന്ന്; അവ ഭൌതികനിയമത്തിന്ന അതായതു് മനുഷ്യൻെറ വാഴ്ചയിൽതന്നെ അന്തൎഭൂതമായ നിയമങ്ങൾക്ക മാത്രം വശമായിരുന്നു എന്ന്. ആ നിയമങ്ങൾ മനുഷ്യജീവിതത്തിൻെറ പരിധികൾക്കുള്ളിലുള്ളവതന്നെയാകയാൽ അവയിൽ മനുഷ്യാതീതത്വത്തിൻെറ (super-human) കണികപോലും കലൎന്നിട്ടില്ല. മനുഷ്യൻ ഭൌതികപ്രപഞ്ച (Physical world) ത്തിലെ ഒരു ഭാഗമാണ്. തന്മൂലം അവൻെറ പരിണാമവും നിൎണ്ണയിതമായിരിക്കുന്നതു് ഭൌതികപ്രപഞ്ചത്തിൻെറ മൌലിക നിയമാവലികളാലത്രേ. എന്നാൽ, മനുഷ്യസമുദായത്തെ ഉൾക്കൊള്ളുന്ന ഭൌതികപ്രപഞ്ചത്തെ മുഴുവനും ഭരിക്കുന്ന നിയമങ്ങളുള്ളപോലെതന്നെ, ഭൌതികപ്രപഞ്ചത്തിൻെറ വിവിധവശങ്ങളേയും, അവയുടെ സാമൂഹ്യപ്രകാശനങ്ങളേയും പ്രത്യേകം നിൎണ്ണയിക്കുന്ന ചില സവിശേഷ നിയമങ്ങളുണ്ട്. ഭൌതികപ്രപഞ്ചത്തിലെ ഒരു ഭാഗമെന്ന നിലയ്ക്കു മനുഷ്യസമുദായം, ആ നിയമങ്ങളാൽ ബന്ധിതമെങ്കിലും, അതിന്ന അതിൻെറ സ്വന്തമായ ചില പ്രത്യേക നിയമങ്ങളുണ്ട്. ഒരു കണക്കിലും ഈ പ്രത്യേക നിയമങ്ങൾ ഭൌതികപ്രപഞ്ചത്തിൻെറ മൌലികനിയമങ്ങളിൽനിന്ന വിഭിന്നമല്ല. പ്രത്യുത, അതിൽ സ്വതസ്സിദ്ധമായ ഒരു വശം മാത്രമാണ്. പക്ഷെ, ഈ പ്രത്യേക നിയമങ്ങൾ മനുഷ്യസമുദായത്തിൻെറ ഉത്ഭവത്തിന്ന മുമ്പു ഉള്ളവയല്ല, അതിനാൽ അവയ്ക്കു മനുഷ്യനെക്കാൾ പൂൎവ്വീകത്വമോ, മനുഷ്യാതീതത്വമോ കല്പിച്ചുകൂടതന്നെ ("Man and Nature" എന്ന പുസ്തകത്തിൽനിന്ന്)

### സയൻസ്—ഇന്നും നാളെയും

യുദ്ധകാലത്തു സയൻസിന്നുണ്ടായിട്ടുള്ള അഭിവൃദ്ധി മുഴുവനും പൊതുജനങ്ങൾക്ക മനസ്സിലാവുന്നതിന്ന ഇനിയും കുറെക്കാലം കഴിയേണ്ടിവരും. യുദ്ധത്തിന്ന ഏററവും പ്രയോജനകരവും, യുദ്ധാനന്തരം സമുദായത്തിന്ന മുഴുവനും തന്നെ ഒരനുഗ്രഹവുമായ പല പുതിയ കണ്ടുപിടുത്തങ്ങളും ഇടക്കാലത്തുവെച്ചു ഉണ്ടായിട്ടുണ്ട്.

. . . . . .

ഏതൊരു ശാസ്ത്രജ്ഞനും യുദ്ധകാലത്തുണ്ടായിട്ടുള്ള നശീകരണോപകരണങ്ങളെപ്പററി പ്രശംസിക്കുകയില്ല. ആരെങ്കിലും അവ നേട്ടങ്ങളാണെന്ന പറയുന്നുണ്ടെങ്കിൽ അതു, യുദ്ധാനന്തരം അതിന്നുള്ള വിപുലവും ദൂരവ്യാപകവുമായ ഫലങ്ങളെ ഓൎത്തിട്ടാണ്. സമാധാനദശയിൽ മനുഷ്യസമുദായത്തിന്ന ഏററവും ഫലപ്രദവും ഉപയോഗകരവുമായിരിക്കും അവ . . . .

പ്രകൃതിയും മനുഷ്യനുമിടയിൽ, പ്രകൃതിയെ നിയന്ത്രിക്കുന്നതിന്നുള്ള പരിപാടികൾ ആരാഞ്ഞുപിടിക്കുന്ന ഒരാളാണ് ശാസ്ത്രകാരനെന്നും പരക്കെ എല്ലാവരും സമ്മതിക്കാൻ തുടങ്ങിയിട്ടുണ്ട്. ഈ ഉദ്ദേശ്യം തികച്ചും സാധിതപ്രായമാകുന്നതിന്ന എല്ലാ ശാസ്ത്രവിഭാഗങ്ങളും ക്രമീകരിച്ചു യോജിപ്പോടെ പ്രവൎത്തിക്കേണ്ടതാണ്. പൊതുകാൎയ്യങ്ങളെ നിയന്ത്രിക്കുന്നതിന്ന ശാസ്ത്രജ്ഞന്മാൎക്ക അറിയേണ്ടതാണ്. അതേ സമയത്തു സാധാരണ പൌരന്മാൎക്ക ശാസ്ത്രത്തിൻെറ ഉള്ളുകളികൾ ഗ്രഹിപ്പിക്കേണ്ടതുമാണ്. പോസ്റ്റാഫീസ്, റെയിൽവെ, വ്യവസായം തുടങ്ങിയവയെപ്പോലെതന്നെ ശാസ്ത്രവും സംഘടിതരീതിയിൽ നിൎവ്വഹിക്കേണ്ടതുണ്ട്.

ശാസ്ത്രീയ കാൎയ്യങ്ങളെ മനസ്സിലാക്കുന്നതു് വിദ്യാഭ്യാസത്തിൽ കൂടെ സാദ്ധ്യമാക്കണം. ശാസ്ത്രവും സമുദായവും തമ്മിലുള്ള ബന്ധത്തെപ്പററി വ്യക്തമായ ഒരു ബോധം എല്ലാവൎക്കും ഉണ്ടായിരിക്കേണ്ടതാണ്. പ്രഖ്യാത സോവിയററ് ശാസ്ത്രകാരനായ പ്രൊഫസ്സർ പി. കപിട്സ ഈ വിഷയത്തെപ്പററി ഇങ്ങിനെ പ്രസ്താവിക്കുന്നു:

"ഞങ്ങളുടെ സോഷ്യലിസ്റ്റു നാട്ടിൽ സയൻസിന്ന ഒരു സവിശേഷ സ്ഥാനമാണുള്ളതു്. ഒരു രാജ്യത്തിൻെറ സംസ്കാരത്തിൻെറയും സങ്കേതികനീതിയുടെയും അഭിവൃദ്ധിക്ക ശാസ്ത്രം എത്ര മാത്രം അത്യാവശ്യമാണെന്ന. വസ്തുത സൎവ്വസമ്മതമായിട്ടുള്ളതാണ് ജീവിതവും ശാസ്ത്രവും തമ്മിൽ കൂടുതൽ അടുപ്പവും യോജിപ്പും വേണം."

(എസ്. എസ്. ഭട്ട്നഗർ.)

## നടുങ്ങട്ടെ!

(ജി. ശങ്കരക്കുറുപ്പ്.)

ഇന്നലെ സമുദ്ധത-
യുദ്ധതന്ത്രത്താൽ വിശ്വം
വെന്നതായഹങ്കരി-
ച്ചോരു ജൎമ്മനിയല്ലേ,
ക്രൂരനാകിലും, ചോര-
കണ്ണനാകിലും, ധൎമ്മോ-
ദാരനീതിതന്നാജ്ഞാ-
കാരിയാം കാലത്താലെ
ദീനമായ് വീഴ്ത്തപ്പെട്ടു
നഗ്നമായ് വാളും തെറി-
ച്ചാനതമുഖം ചോര-
വമിച്ചു പിടയ്ക്കുന്നു.
മുൻപു 'പോരൊരുത്സവ'
മെന്ന ഗൎവ്വിച്ചാനാവിൻ-
തുമ്പിനിയൊരായിരം
കൊല്ലത്തേക്കനങ്ങുമോ?
ലോകത്തിൻ സമാധാന-
വാഞ്ഛയെ മാന്താനുള്ള
മോഹത്തിൻ നഖങ്ങളെ-
മൂടിട്ടും മാംസത്തോടേ-
ച്ഛേദനം ചെയ്തീടുമ്പോൾ,
ചോരവാൎന്നൊലിച്ചാൎത്ത-
വേദനം പിടയ്ക്കുമീ-
ബീഭത്സരൂപം നോക്കൂ!
ഉഗ്രമാം കഴുകൻെറ
നിഴലെങ്ങാനും തട്ടാൽ
വ്യഗ്രമായ് മറവിക്കും
പ്രാവിൻകുഞ്ഞുകൾ പോലെ,
ഏതൊരു പതാകതൻ-
ഛായയാൽ നാനാ രാഷ്ട്രം
ചേതനമറന്നപോൽ
നിന്നുപോയ്ക്കുറേനേരം.
മാരകസ്വഭാവ, മാ-
'സ്വസ്തിക'യാതാ പ്രതീ-
കാരഭാവനാൻ കാൽ
ച്ചവിട്ടിൽച്ചതയുന്നു!
സംഗരം വിതച്ചിട്ടു
തൻെറ നാടിന്നനിത്യ-
മംഗളം കൊയ്യാമെന്ന-
മോഹമേ! ലജ്ജിയ്ക്കു നീ.
മാനിയാം വേട്ടക്കാരൻ
ചുമരിൽ, സ്വയംജീവ-
ഹാനിയേകിയ കരി-
മ്പുലിതൻ തുകൽപോലെ,
കാലമാച്ചരിത്രത്തിൽ
നാസിസത്തിനെയിനി-
ലീലയിൽത്തൂക്കും; സാമ്രാ-
ജ്യേച്ഛരകൾ നടുങ്ങട്ടെ!

(ദേശാഭിമാനി.)

# യുദ്ധസഞ്ചിക

## പ്രതിവാരപത്രം

മദിരാശി : 1945 ജൂൺ 8-ാംനു, വെള്ളിയാഴ്ച


## ചൈന തിരിച്ചടിക്കുന്നു

ഈയിടെയായി ചൈനാ രംഗത്തിൽ പ്രധാനമായ പല വിജയങ്ങളും കൈവന്നിട്ടുണ്ട്. അവ വെറും യാദൃച്ഛികങ്ങളല്ല. സഖ്യശക്തികൾ ചൈനയിൽ ജാപ്പാന്നെതിരായി, വമ്പിച്ച ഒരാക്രമണത്തിന്നു കോപ്പു കൂട്ടുന്ന ഈ സന്ദർഭത്തിൽ ആ വിജയങ്ങൾക്കു കൂടുതൽ പ്രാധാന്യമുണ്ട്.

1937 ജൂലായി 7-ാംനു രാത്രി മാർക്കോ പോളോ പാലത്തിന്നടുത്തു വെച്ചുണ്ടായ ആ "സംഭവ" ത്തെപ്പററി ഇന്നും ജപ്പാൻ പശ്ചാത്തപിക്കുന്നുണ്ടാവണം. ഉദ്ദേശിച്ചപോലെ വേഗം വിഴുങ്ങിക്കളയാവുന്ന ഒരു ഇരയല്ല ചൈന എന്ന വ്യാമോഹം ഇന്നു ജാപ്പുകൾക്കില്ല. യുദ്ധംമൂലം ചൈനയിൽ കൂടുതൽ ഐക്യവും, ശക്തിയുമാണുണ്ടായതു്. ആ ഐക്യവും ഊർജ്ജസ്വലതയുമാണു് എട്ടു വർഷങ്ങളോളമായിട്ടും, ചൈനയെ ശത്രുവിന്നെതിരായി പൊരുതിക്കുന്നതു്.

ചൈനയും യൂറോപ്പും തമ്മിൽ വളരെ വ്യത്യാസമുണ്ട്. ചൈന ഒരർദ്ധകോളണിയാണു്. വ്യാവസായിക വിപ്ലവം അവിടേയ്ക്കെത്തി നോക്കുന്നേ ഉള്ളൂ. കൃഷിപ്രധാനമായ ആ രാജ്യത്തു ഗതാഗത സൌകര്യങ്ങൾ വളരെക്കുറവാണു്. യുദ്ധകാലത്തു ഏററവും അത്യാവശ്യമാണു് ഗതാഗത സൌകര്യങ്ങൾ എന്നു പ്രസ്താവ്യമാണല്ലോ.

ജാപ്പുകളുടെ വമ്പിച്ച ഒരു സേന ഇപ്പോൾ ചൈനയിലുണ്ട്, ഏതാണ്ടു് 20 ലക്ഷത്തോളം പേർ. അതിനാൽ ജപ്പാനെ പരാജിതമാക്കുന്നതിന്നുള്ള പോർ ഇവിടെവെച്ചാണുണ്ടാവുക എന്നു എല്ലാ സഖ്യപക്ഷ നേതാക്കളും അഭിപ്രായപ്പെടുന്നു. ഈ വീക്ഷണത്തിലൂടെ നോക്കുമ്പോൾ ഇപ്പോഴത്തെ ചൈനസ് വിജയങ്ങൾ വളരെ പ്രയോജനകരമാണു്.

എസ്.ഇ.എ.സി. യിൽനിന്നും ഒരു പെരുത്ത അമേരിക്കൻ സേന എവിടേയ്ക്കോ നീക്കം ചെയ്തിട്ടുണ്ടെന്നു കഴിഞ്ഞ ആഴ്ചയിൽ കേൾക്കയുണ്ടായി. ബർമ്മയിൽനിന്നു ശത്രുവിനെ തുരത്തിയതുകൊണ്ടു ചൈനയിലേയ്ക്കു സാമഗ്രികൾ കൊണ്ടുപോവുന്നതിന്നു ഇന്നു സുസാധ്യമായിക്കഴിഞ്ഞിട്ടുണ്ട്. പടിഞ്ഞാറുഭാഗത്തുനിന്നുള്ള എല്ലാ സമരമണ്ഡലങ്ങളിലേയ്ക്കും സാമഗ്രികൾ നൽകുന്ന ഒരായുധപ്പുര ഇന്ത്യയായിരിക്കും. ഇന്ത്യൻ തുറമുഖങ്ങളിലൂടെയായിരിക്കും യൂറോപ്പിൽനിന്നു പ്രവഹിച്ചെത്തുന്ന സൈന്യസാമഗ്രികൾ ആദ്യമായിവന്നെത്തുക.

ചൈനയിൽവെച്ചു ജാപ്പു സൈന്യത്തെ തോല്പിക്കണമെങ്കിൽ അതിന്നും വിഷമതകളുണ്ട്. അതിന്നു കൂടുതൽ എഞ്ചിനീയറിങ്ങ് ആവശ്യമാണു്. സൈനികത്താവളങ്ങൾ, വിമാനത്താവളങ്ങൾ, തുടങ്ങി പലതും നൂറുകണക്കിൽ ആ മഹാരാജ്യത്തു പുതുതായി നിർമ്മിക്കേണ്ടി വരും. ചൈനീസ് ജനതയുടെ ഉത്സാഹപൂർണ്ണമായ സഹകരണത്തോടുകൂടി ചെയ്തു തീർക്കാവുന്നതാണു് ഇതും.

ചൈനയെപ്പററി പറയുമ്പോൾ, അവിടുത്തെ രാഷ്ട്രീയസ്ഥിതിയെ തെല്ലും സ്പർശിക്കാതിരിക്കാൻ നിവൃത്തിയില്ല. ജപ്പാനെതിരായി പൊരുതി വിജയം നേടുന്ന കാര്യത്തിൽ എല്ലാവരും യോജിക്കുകയും വിവാദങ്ങൾ നിർത്തിവെക്കുകയും വേണ്ടതാണു്. പക്ഷെ, നവെമ്പറിൽ ചേരാൻ പോകുന്ന ക്രമിൻറാങ്ങ് സമ്മേളനത്തിൽവെച്ചു, ജനാധിപത്യത്തെപ്പററിയുള്ള "ചുങ്കിങ്ങ് അഭിപ്രായ" ത്തിൽനിന്നു വിപുലമായ മാററങ്ങൾ വരുത്തേണ്ടതുണ്ട്. എന്നാൽ സംഗതികൾ കുറച്ചുകൂടെ മുട്ടലമാക്കാനിടയുണ്ട്. ചൈനീസ് പ്രധാനമന്ത്രി മി: ടി. വി. സൂങ്ങിൻെറ മോസ്കോ സന്ദർശനത്തിൽ ഇങ്ങിനെയുള്ള പല വിഷയങ്ങളും വിവാദിക്കപ്പെടുന്നതായിരിക്കും.

ചൈനയ്ക്കിന്നു കരഗതമായ പ്രാഥമിക വിജയങ്ങൾ ശുഭസൂചകമാണു്. നാളെ വരാൻ പോവുന്ന പരിപൂർണ്ണവിജയത്തിൻെറ നാന്ദിയാണതു്.

# അവർ ആ കൃത്യം നിർവ്വഹിച്ചു

## നാസിസത്തിൻെറ നാരായ വേരും കൂടി വെന്തു വെണ്ണീറായി. ബർമ്മയിൽനിന്നു് ജാപ്പുകൾ തോറേറാടി.

# നമ്മുടെ ജോലി ഇനിയും തീർന്നിട്ടില്ല!

നമ്മുടെ ഭടന്മാർ വീരോചിതം പോരാടുമ്പോൾ, നാം അലസരായിക്കഴിഞ്ഞാൽ മതിയോ?

പോരാ; ഒരു കണക്കിലും പോരാ! നമുക്കും പൊരുതുവാൻ കഴിയും; പോർമുന്നണിയിലല്ലെങ്കിൽ ദേശീയ മുന്നണിയിൽ; നാസികളോടല്ലെങ്കിൽ നാടൻ നാസികളോടു!

## ഇവർ ഒന്നാം നമ്പർ യുദ്ധ പാതകികളാണു്:—

കരിഞ്ചന്തക്കാർ, പൂഴ്ത്തിവെക്കുന്നവർ, അമിതാദായക്കാർ, ശത്രുചാരന്മാർ—അവരാണു് രാജ്യത്തിൻെറ സമ്പൽസമൃദ്ധിയെ ഊററിക്കുടിക്കുന്ന ഇത്തിക്കണ്ണികൾ. സമുദായത്തിലെ കുഷ്ഠരോഗ ബീജങ്ങൾ. അവരാണു് നമ്മുടെയിടയിലുള്ള കുട്ടിഹിററ്ലർമാരും, കുട്ടിമുസ്സോളിനികളും, കുട്ടിഗോബൽസുമാരും.

## അവരെ നായാടിപ്പിടിക്കുക.

നിയമത്തിൻെറ നിശിതഹസ്തങ്ങളിൽനിന്നും അവർ രക്ഷപ്പെട്ടുകൂടാ. നാടിൻേറയും വീടിൻേറയും രക്ഷക്കുവേണ്ടി, വിജയത്തിൻെറ വീരോചിതമായ വരവിന്നുവേണ്ടി, ഇന്നത്തേയും നാളെത്തേയും ജീവിതം സുശോഭനമാക്കുന്നതിന്നു വേണ്ടി, ഭാരതത്തിൻെറ ഭാസുരഭാവിക്കും ഭാഗധേയത്തിന്നും വേണ്ടി, രാജ്യദ്രോഹികളോടു വിട്ടുവീഴ്ചയില്ലാതെ പൊരുതുമെന്നു പ്രതിജ്ഞ ചെയ്യുക.

## നിരുപാധികമായി അവർ കീഴടങ്ങുംവരെ, നാടൻ നാസികളെ എതിർക്കുന്നതിന്നു നാട്ടുകാർ പൊരുതണം!

## ആഴ്ചക്കുറിപ്പുകൾ

### സിറിയയിലെ കുഴപ്പം

കഴിഞ്ഞ ആഴ്ചയിൽ സിറിയയിലുണ്ടായ കുഴപ്പത്തെ പരിഹരിക്കുന്ന വിഷയത്തിൽ ബ്രിട്ടൻ എടുത്ത നടപടികൾ ലോകത്തിലെ സ്വാതന്ത്ര്യകാംക്ഷികളായ എല്ലാവരുടേയും ആദരവിന്നും പ്രശംസയ്ക്കും പാത്രമായിരിക്കുന്നു. തിരഞ്ഞെടുപ്പുകോലാഹലത്തിൽപെട്ട ബ്രിട്ടനിലെ സകല കക്ഷികളും അതിനെ അഭിപ്രായഭേദമെന്യേ അനുകൂലിക്കയും ചെയ്യുന്നു. പഴയ പ്രതാപം അപ്രത്യക്ഷമായെന്ന മനോഭാവത്തോടെ സാഹസത്തിന്നു ഒരുമ്പെടുന്ന ഫ്രാൻസ്, തങ്ങൾക്കു ലോകത്തോടു ചില ചുമതലകളും ബാദ്ധ്യതയുമുണ്ടെന്നു മറക്കുന്നപക്ഷം അതു് ആക്ഷേപാർഹമാണു്. ദേശീയാവശ്യത്തേക്കാളും, കക്ഷിയവകാശത്തേക്കാളും ഉപരിയായ ഒരാപൽക്കാണു് ലോകത്തിൻെറ ഐകവും അവരൊരുമിപ്പും. സിറിയയിലുണ്ടായ രക്തച്ചൊരിച്ചിൽ ശോചനീയമാണു്; പക്ഷെ അതിൽനിന്നു് ഒരു പുതിയ ചൈതന്യം ആവിർഭവിക്കുമെന്നു നമുക്കു പ്രത്യാശിക്കുക.

### ഒരു പുതിയ സേനയുടെ പിറവി

ഒരു പുതിയ സേന ഈയിടെ രൂപീകൃതമായിരിക്കുന്നു—12-ാം സേന. അതിൻെറ നേതൃത്വം വഹിക്കുന്നതു് ലെഫ്റ്റനൻറ് ജനറൽ സർ മൊൺടേഗ്യു ജോർജ്ജ് നോർത്ത്സ്റ്റോപ്ഫോർഡ് ആണു്. 33-ാം ഇന്ത്യൻ ഡിവിഷൻ നേതാവെന്ന നിലയിൽ കൊഹിമ, മാണ്ടലി, ബർമ്മ എന്നാവലുകൾ ഇവിടെയെല്ലാം ഇദ്ദേഹം പുരോഗമിച്ചു. 33-ാം ഡിവിഷന്നു ഒരു പ്രശസ്തമായ റിക്കാർഡുണ്ടു്. ഇപ്പോൾ 14-ാം സേനയും 12-ാം സേനയും ബർമ്മയിൽ അവശേഷിച്ചിട്ടുള്ള ജപ്പാകളെ ആട്ടിത്തുരത്തുകയും, പിടികൂടുകയുമാണു്. ആ കൃത്യം ചെയ്തുകഴിഞ്ഞാൽ മററു രംഗങ്ങളിലേക്കു ഈ സേനകൾ പോവുമായിരിക്കും.



ലഫ്റ്റനൻറ് ജനറൽ സർ മൊണ്ടേഗ്യു ജോർജ്ജ് നോർത്ത് സ്റ്റോപ്ഫോർഡ്

### വീണ്ടും ജാപ്പനഗരങ്ങൾ

ടോക്കിയോ, നഗോയ, യോക്കഹാമ, കോബ് എന്നീ നഗരങ്ങളും തുറമുഖങ്ങളും വീണ്ടും കത്തിയെരിയാൻ തുടങ്ങിയിരിക്കുന്നു. യുദ്ധം ജപ്പാനിലേക്കുതന്നെ എത്തിക്കഴിഞ്ഞു. 500 ൽ പരം സൂപ്പർഫോട്രസ്സ് വിമാനങ്ങളാണു് ഈ പ്രവൃത്തികളിൽ പങ്കെടുക്കുന്നതു്. ജപ്പാൻ അലംഘ്യമാണെന്നുള്ള ജാപ്പ പ്രചാരകന്മാരുടെ കള്ളി ഇതുമൂലം വെളിച്ചത്തായിത്തുടങ്ങി. ഇതിന്നുപകരമായി ജാപ്പുകൾക്കു് ഇന്നുള്ള മറുപടി തങ്ങൾക്കു് "ഭീകരായുധങ്ങൾ" ഉണ്ടെന്നാണു്; "അത്ഭുതമഹത്വ വിമാനങ്ങളും" അമേരിക്കയോളം ചെന്നു ബോംബിടുന്ന ബലൂൺകളും ഉണ്ടെന്നാണു്. ഇങ്ങിനെയുള്ള "ശൈശവസൂത്രങ്ങൾ" ജപ്പാൻെറ നില ഒട്ടധികം പരുങ്ങലിലാണെന്നു മാത്രമാണു് കാണിക്കുന്നതു്.

### ഒക്കിനാവ—അവരുടെ സന്ദേഹങ്ങൾ

ഒക്കിനാവ യുദ്ധത്തിലെ നാശം വളരെ കൂടിപ്പോയി എന്നു വാഷിംഗ്ടനിലെ ഒരു പത്രപ്രവർത്തകൻ ആക്ഷേപിക്കുന്നു. എന്തു കാരണത്താലാണോ ആയാൾ ഇങ്ങിനെ പ്രസ്താവിച്ചതു് എന്നതു് അദ്ദേഹത്തിനുമാത്രമേ അറിയുകയുള്ളു. ഇതു ശത്രുവിൻെറ വഞ്ചനയ്ക്കും അപവാദപ്രസ്താവനകൾക്കും വിധേയമാവുകയാണു്. ഈ സമയത്തു ജാപ്പുകൾക്കു വന്ന ആൾനഷ്ടത്തേയും ഒന്നു പരിശോധിച്ചുനോക്കേണ്ടതു ആവശ്യമാണു്. സഖ്യപക്ഷത്തിന്നു ഒരു ഭടൻ നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ അതിന്നുപകരം ആറു ഭടന്മാരാണു് ജപ്പാൻകാർക്കു് നഷ്ടമായിട്ടുള്ളതു്. സഖ്യസേനകൾ ആ ദ്വീപു് കൈവശപ്പെടുത്തുന്നതിനെ തടയുന്നതിന്നുള്ള സകല വിദ്യകളും അവർ പ്രയോഗിച്ചുനോക്കുകയും, ഉന്മാദത്തോടെ പോരാടുകയും ചെയ്തു. കാരണം, അതൊരു മർമ്മസ്ഥലമാണു്. ന്യൂയോർക്ക് പത്രപംക്തിയിലെ പരാജിതമനോഭാവക്കാരനായ പത്രലേഖകൻ ഇതൊക്കെ തികച്ചും മനസ്സിലാക്കിയിട്ടാണോ ഇങ്ങിനെ ആക്ഷേപിച്ചതു്?

## ലേഖകന്മാർക്ക്

യുദ്ധസഞ്ചികയിലേയ്ക്കു് പ്രസിദ്ധീകരണാർത്ഥം എഴുതി അയക്കുന്ന ലേഖനങ്ങളും പദ്യങ്ങളും മററും പുതിയായി മഷിയിൽ എഴുതി അയക്കേണ്ടതാണു്. അല്ലാത്ത പക്ഷം പ്രസിദ്ധീകരിക്കുന്നതിന്നു താമസവും ചിലപ്പോൾ അസാദ്ധ്യവുമായി വരുന്നതാണു്. ഈ സംഗതിയിലേക്കു ലേഖന്മാരുടെ ശ്രദ്ധയെ പ്രത്യേകം ക്ഷണിച്ചുകൊള്ളുന്നു.

(പത്രാധിപർ.)

## ലോകമഹാ യുദ്ധം ഇങ്ങിനെ കാണുക




## "ഇല്ല താമസം തെല്ലും"

(ടി ആർ. മേനോൻ.)

ഘോരമായരികളോടേററു് താന്തരായ് വാഴും
ഭാരതമാതാവിൻെറ വീരസന്താനങ്ങളേ !
വിജയം കൈവന്നീടാൻ, വിശ്രമം ലഭിച്ചീടാൻ
സസുഖം വിഹരിപ്പാനില്ല താമസം തെല്ലും
നാസീസമഹാവൃക്ഷം മുഴുവൻ നശിച്ചുപോയ്
ക്രൂസിടേണ്ടിനി തെല്ലും വിജയം കൈവന്നു [പോയ്
ഇനിനാമല്പം ധൈര്യചിത്തരായ് പൊരുതീടിൽ
ഉടനെ അടിതെററി വീണിടും ജപ്പാൻകാരും
ഇത്രനാൾ നമുക്കുണ്ടായ് വന്ന കഷ്ടതയെല്ലാം
ഉത്ഭൂതസുഖത്തിൻെറ നാന്ദിയായ് ഗണി [ച്ചാലും
ലോകത്തെ വിറപ്പിച്ചു വന്നതാം ഭയങ്കര
കാളസർപ്പത്തിൻ ഫണം താണുപോയ് [പൊങ്ങിടിനി
ആനന്ദസാഗരത്തിലാറാടാൻ, ജയക്കൊടി-
പാറിക്കാൻ നമുക്കിനി ഇല്ല താമസംതെല്ലും.

### തിരുവിതാംകൂർകാരൻ ഡ്രൈവർക്ക് മിലിട്ടറി മെഡൽ

ചെങ്ങന്നൂരിന്നു സമീപമുള്ള തിരുവല്ലക്കാരനായ തോമസ് ഡാനിയൽ (ആർ.ഐ.എ.എസ്.സി.) മിലിട്ടറി മെഡൽ സമ്മാനിക്കപ്പെട്ടിരിക്കുന്നു. ഇദ്ദേഹം ഒരു ആംബുലൻസ് ഡ്രൈവറാണു്.

## ചെറുകഥ

നോവലുകൾപോലെത്തന്നെ ചെറുകഥകളും പാശ്ചാത്യ സാഹിത്യസമ്പർക്കംമൂലം കൈരളിക്കു കരഗതമായ ഒരമൂല്യസമ്പത്താണു്. ഇംഗ്ലീഷു സാഹിത്യത്തിലെ പേരും പെരുമയും സമാർജ്ജിച്ചിട്ടുള്ള ചെറുകഥാകൃത്തുക്കളാണു് ഇക്കാര്യത്തിൽ ആദ്യകാലങ്ങളിൽ മലയാളത്തിലെ കാഥികന്മാർക്കു് മാർഗ്ഗദർശികളായിത്തീർന്നിട്ടുള്ളതു്. വാരികകളും മാസികകളും പ്രചുരപ്രചാരമായതോടുകൂടി മലയാൺമയിലും ചെറുകഥകൾക്കു നല്ല ഒരു കമ്പോളം ലഭിക്കുകയും, കാര്യക്ഷമമായി സംഗതികൾ കൈകാര്യം ചെയ്യുവുന്ന കാഥികന്മാർ ഒട്ടധികം പേർ പൊന്തിവരികയും ചെയ്തു.

ഇടക്കാലത്തുവെച്ചു് മലയാള സാഹിത്യത്തിൽ ഒട്ടധികം കഥാകൃത്തുക്കൾ മുളച്ചു പൊന്തിയിട്ടുണ്ടു്. അഞ്ചെട്ടു കൊല്ലംമുമ്പു് കേൾക്കപ്പെടുകയോ പത്രപംക്തികളിൽ കാണപ്പെടുകയോ കൂടി ചെയ്യാത്തവരാണു് അവരിൽ പലരും. ഈ ആശ്ചര്യകരമായ സംഭവവികാസത്തിന്നു കാരണവുമുണ്ടു്. ഇംഗ്ലീഷു സാഹിത്യത്തിലെ ചെറുകഥകളെ മാതൃകയാക്കിയുള്ള മലയാള കഥാകൃത്തുക്കളെക്കാൾ പുതുമയും പുരോഗമനോന്മുഖത്വവും ഈ പുത്തൻകൂററുകാർക്കുണ്ടായിരുന്നു. ഇംഗ്ലീഷു കാഥികന്മാരേക്കാൾ ഇന്നത്തെ കഥാകൃത്തുക്കൾ അനുകരിക്കുന്നതു് മാപ്പസാങ്ങിനേയും, ആൻറൺചെക്കോവിനേയുമാണു്. പ്രത്യേകിച്ചും ചെക്കോവിന്നു വിശ്വസാഹിത്യത്തിൽ ചിരപ്രതിഷ്ഠിതമായ ഒരു സ്ഥാനം കൈക്കലാക്കാൻ സാധിച്ചതുതന്നെ അദ്ദേഹത്തിൻെറ അമൂല്യങ്ങളായ ചെറുകഥാരത്നങ്ങൾ മൂലമാണു്. ഇത്രമേൽ വിജയിയായ മറെറാരു കാഥികനും ലോകത്തിലുണ്ടായിട്ടില്ല എന്നു പറഞ്ഞാൽ അതിൽ തെല്ലും അതിശയോക്തിയില്ല. ആധുനികപാശ്ചാത്യ കഥാപ്രസ്ഥാനത്തിലും, ചെക്കോവിൻെറയും മാപ്പസാങ്ങിൻെറയും, ചിത്രീകരണരീതിയും, പ്രതിപാദനസ്വഭാവവും സാർവ്വത്രികമായി ദർശിക്കാവുന്നതാണു്. ആധുനിക നാടകീയസാഹിത്യത്തിന്നു് ഇബ്സൻ എങ്ങിനെ അടിസ്ഥാനമിടുകയും പ്രചോദനം നൽകുകയും ചെയ്തുവോ, അതുപോലെത്തന്നെയാണു് ചെക്കോവും, മാപ്പസാങ്ങും ചെറുകഥാപ്രസ്ഥാനത്തിന്നും പുനരുജ്ജീവനവും ഓജസ്സും നൽകിയതു്. ചെക്കോവിൻെറ കഥകൾക്കു ഇന്നു് പണ്ടൊരിക്കലും ലഭിക്കാത്ത പ്രചരണവും പ്രസിദ്ധീകരണവും കേരളീയ സാഹിത്യത്തിൽ ലഭിക്കാനിടയാക്കിയതും ഈ ഒരേ ഒരു കാരണത്താലാണു്.

എന്നാൽ ഇന്നു വിശ്വസാഹിത്യത്തിൽ, വിശിഷ്യ മലയാള സാഹിത്യത്തിൽ കാണുന്ന ചെ

എം. ജി. ഹാരിസ്.

റുകഥകൾ ചെക്കോവിൻെറയും മാപ്പസാങ്ങിൻെറയും, അനുകരണങ്ങളോ, മലയാളീകരിച്ച പകർപ്പുകളോ മാത്രമാണെന്നു പറഞ്ഞാൽ അതു കല്ലുവെച്ച ഒരു നുണയായിരിക്കും. ഇവകൂടാതെ തന്നെ, പല പുതിയ പ്രസ്ഥാനങ്ങളും ഇക്കാലത്തു പ്രചുരപ്രചാരമായിട്ടുണ്ടു്. മാക്സിംഗോർക്കിക്കും ഇതിൽ ഗണ്യമായ ഒരു സ്ഥാനമുണ്ടു്. കൂടാതെ ലോകത്തിലെ സുപ്രസിദ്ധന്മാരായ പല കാഥികന്മാരുടേയും രീതികൾ ഇന്നു് സാർവ്വജനീനമായി വരുന്നുണ്ടു്. അങ്ങിനെ ദേശീയവും വൈദേശികവുമായ അടിസ്ഥാനങ്ങളെ അതിജീവിച്ച ചെറുകഥാസാഹിത്യവും മുന്നോട്ടു പോവുന്നു. മുൻപറഞ്ഞ ഏതൊരു മാർഗ്ഗദർശകനേയും പ്രത്യക്ഷമായി അപേക്ഷിക്കാതെതന്നെ മേത്തരം കഥകളെഴുതുന്ന ചിലർ മലയാളത്തിലുണ്ടു്. അതിലും പ്രധാനമായ ഒരു സംഗതി, ഇംഗ്ലീഷു ഭാഷപോലും അറിയാതെതന്നെ ആധുനികരീതിയെ അടിസ്ഥാനപ്പെടുത്തിയുള്ള കഥകൾ എഴുതുന്നവരും കൂടിയുണ്ടു് എന്നതാണു്. കവിക്കു സംസ്കൃതമറിഞ്ഞേതീരു എന്ന ശാഠ്യംപോലെ, കാഥികന്നു് ഇംഗ്ലീഷു അറിഞ്ഞുകൊള്ളണമെന്നു യാതൊരു നിബന്ധനയുമില്ലെങ്കിലും, കഥയെപ്പററിയ പുത്തൻ പുത്തൻമട്ടുകൾ മനസ്സിലാക്കുന്നതിനു് ഇംഗ്ലീഷു ഭാഷാപരിജ്ഞാനമില്ലായ്മ ഒരു പ്രതിബന്ധംതന്നെയാണു്. എന്നിട്ടും, മലയാളത്തിലെ പല കഥാകൃത്തുക്കളും ആവക തടസ്സങ്ങളെ അതിലംഘിച്ചുകടന്നുവെന്നതു ആശ്ചര്യകരംതന്നെയല്ലേ? ഈ സാദ്ധ്യതയ്ക്കുള്ള ഹേതു പ്രായോഗികമായ ഒട്ടുമുക്കാലും രീതികൾ കൈരളിക്കു ഇന്നു സുപരിചിതമായിക്കഴിഞ്ഞിരിക്കുന്നുവെന്നതാണു്. അതിൻെറ സ്വാധീനതയിൽ കൈകാര്യം ചെയ്തുവരുന്ന കാഥികന്മാർക്കു് തന്മൂലം ഇംഗ്ലീഷു പരിജ്ഞാനം അത്യന്താപേക്ഷിതമായ ഒരു ആവശ്യകതയായിത്തീരുന്നില്ല. ഈ ഒരു ഉദാഹരണംകൊണ്ടുതന്നെ ചെറുകഥാവിഭാഗത്തിൽ, നമുക്കുണ്ടായ പുരോഗമനം എത്രമാത്രമാണെന്നു അളന്നു തിട്ടപ്പെടുത്താം.

എന്താണു് ചെറുകഥക്കു് ഇത്രമേൽ പ്രചാരം സിദ്ധിക്കുന്നതിന്നുള്ള മററു കാരണങ്ങൾ? ഒരാശയഗരിമയെ, ഒരു കൊച്ചു സംഭവവികാസത്തെ ചുരുങ്ങിയ സമയത്തിന്നുള്ളിൽ വ്യക്തമായി വായനക്കാരൻെറ ഉള്ളിലേക്കു് തള്ളിവിടുന്നതിന്നുള്ള കെല്പു് ഒരു നല്ല ചെറുകഥയ്ക്കുണ്ടു്. മനുഷ്യജീവിതത്തിൽ ഏററവും പ്രധാനമായ ചില്ലറ കാര്യങ്ങളിൽ പലതും കഥാവിഷയമാകാറുണ്ടു്. ജീവിത ഗ്രന്ഥത്തിലെ ഒരദ്ധ്യായമാണു നോവലുകളെങ്കിൽ, ചെറുകഥ അതിലെ ഒരു പേജ് മാത്രമാണു്. ഒരു നല്ല ചെറുകഥക്കു് ഒരു പരത്ത നോവലിനേക്കാൾ പ്രാപ്തിയുണ്ടു്. ഇതുകൊണ്ടു നോവൽ സാഹിത്യം ചെറുകഥയാൽ മറക്കപ്പെടുമെന്നർത്ഥമില്ല. രണ്ടിന്നും വ്യത്യസ്തമായ ഉദ്ദേശ്യവും ലക്ഷ്യവും മണ്ഡലങ്ങളുമുണ്ടു്.

ഇന്നത്തെ ചെറുകഥകൾ പലതും വെറും ഭാവനാസൃഷ്ടികളല്ലാതായിട്ടുണ്ടു്. അതിന്നു കാരണം ജീവിതത്തിൻെറ വിവിധ വശങ്ങളുമായി ഏററുമുട്ടുന്ന ധാരാളം പേർ കഥാരചിതാക്കളായിട്ടുള്ളതാണു്. ജീവിതത്തിൻെറ അഗാധതകളിൽ മുങ്ങിത്തപ്പുകയും, തൊലിപ്പുറമേയുള്ള ആകർഷകത്വംകൂടിയുള്ള മാലിന്യത്തെ പുറത്തു കാണിക്കുകയും ചെയ്യുന്ന ചെറുകഥകൾ മലയാള സാഹിത്യത്തിൽ ധാരാളം ഈയിടെയായി പ്രചരിക്കാൻ തുടങ്ങിയിരിക്കുന്നു. മനഃശ്ശാസ്ത്രത്തിൻെറ മാറെറാലി കഥകളിലും അലയടിക്കുന്നു. എന്നാൽ അതേ സമയത്തു് ചെറുകഥാസാഹിത്യം മലയാളത്തിൽ തികച്ചും പരിപൂർണ്ണമാണെന്നു പറഞ്ഞുകൂടാ. അതിന്നും കുററവും കുറവുകളും ഉണ്ടു്. പക്ഷെ പ്രായേണ നമുക്കു തികച്ചും അഭിമാനിക്കാവുന്നത്ര അഭിവൃദ്ധി ഈ വിഭാഗത്തിലുണ്ടെന്നു പറയാം.

## അവരുടെ അച്ചന

(കെ. ജി. നായർ)

ഭീമവിടപി തൻ മദ്ധ്യത്തായ് ധന്യത
പാരം നിറഞ്ഞനാം "നൻസാ"തഖി-
തീരത്തായ് "ശ്രീബുദ്ധ" ക്ഷേത്രമെന്നിതഃ
മിന്നുന്നു "വിററെംക്കി"ൻ പീഠമായും.
ശ്രീ സന്ധ്യ നേരത്തിൽ പുഷ്പാർച്ചനക്കായി
ദീപം കൊളുത്തുവാൻ പൂജാരിയോ,
ഫററമുള്ളാഘോഷം കണ്ടു വന്ദിപ്പാനായ്
മർത്ത്യരോ, യില്ലവിടത്തിലേതും.
ലോകഗുരുവാകുമാ "ബുദ്ധ" ദേവന്നു
പൂജയരുളുവാനാരുമില്ല
പുല്ലുപിടിച്ചു പടർന്നതിൻ മദ്ധ്യത്തിൽ
കാണ്മാം ശിരസ്സുകളസ്ഥികളും.
വന്യമൃഗത്തിൻ കരാളമാം വക്ത്രത്തിൽ
പെട്ടവർ ജീവൻ വെടിഞ്ഞതല്ല
ക്രൂരരാം ജാപ്പു ഭടന്മാർ ഒളിച്ചതിൽ
ബാക്കിയാണക്കാണും മസ്തിഷ്ക്കാലം.
സിദ്ധാർത്ഥ ശിഷ്യന്മാരാകും ജാപ്പുകൾ,
അസ്ഥികൊണ്ടർച്ചന ചെയ്കയാവാം !

[ബർമ്മയിലെ ഒരു ഗ്രാമത്തിൽ കണ്ട കാഴ്ച]

# പതാകയോട്

കെ. ജി. സേതുനാഥ്.

നീ, യെത്തുയരുന്നോരു നഭസ്ഥലത്തിൽ
നീളെപ്പറക്കുന്നു, ജയാംശുമാലേ, ?
പേർപെററ 'ബ്രിട്ടനെ'ൻറ പ്രതാപഗീതം
പരത്തിടാനോ—? ശരി, വന്ദനം തേ!

അബ്ദങ്ങളൊട്ടേറെ കടന്നു പോയി-
താശങ്കയിൽ തങ്ങിയ നിൻെറ ഭാഗ്യവും
ഇളാതലത്തിൽ പരിപൂർണ്ണശോഭം
ഇതാ തെളിഞ്ഞു സുഖസത്തണിഞ്ഞു.

പുത്തൻ പരായുധങ്ങ—'ളിസ'ങ്ങ—ളോരോ-
ന്നെത്തിച്ചുവെച്ചു തവ കാൽച്ചുവട്ടിൽ.
അക്ഷോഭ്യനായങ്ങിനെയന്നുമിന്നും
നീ, പൊൽപതാകെ വിലസുന്നു വിണ്ണിൽ.

ആകാശവാടിക്കുഴകേറുവോരാം
സാമ്രാജ്യമോഹങ്ങൾ തരിപ്പെടാനും;
അന്ധാന്ധശക്തിപ്രഭയത്തിനും, നി-
യജ്ഞാംശുമാത്രാ! വിളയാടിടുന്നു.

ഭൂമിക്കു പേമാരി പൊഴിച്ചിടാത്ത
ധൂമന്നലേ, നിൻ നവനീതബോധം,
ശാന്തിസ്സരത്തിൻെറ മണൽപ്പുറത്തിൽ
സൌഭാഗ്യസമ്പത്പ്രദമായതിർപ്പൂ.

പോരിൻ നിലത്തിൽ ജയഭൂതിപൂണ്ടും
ഏകാധിപത്യന്തികവാർന്നുകൊണ്ടും.
അരാതിതൻജ്ജീവന ഭംഗമേൽക്കും
പടിക്ക്, നീ പാറുക വൈജയന്തികേ!

വാനിൻെറ വാർവക്ഷസിയെന്നുമെന്നും
ഹാ, നിൻെറ ചഞ്ചൽകുളലാസ്യഭാവം
മിന്നിത്തിളങ്ങട്ടെ മയൂഖജ്യോതിർ-
ക്കതിർക്കുലച്ചാർത്തണിയിച്ചു മേന്മേൽ!

കല്പാന്തകാലാനലശക്തിപോലെ
നെപ്പോളിയൻ മുന്നമൊരിക്കലാഞ്ഞു!
നിന്നെച്ചുഴന്നെത്തി യജ്ഞധൂമാകും
താവൽക്കുശക്തിക്കടിപെട്ടുപോയി.

ആ വന്നനാശത്തു നെടുത്തു ചാടി
കൈസർക്കുഴം മുഷ്കു മുടന്തനായി.
നാശത്തിനീശൻെറ യനുജന്മാരല്ലോ
നാഥന്മാരാടർക്കുന്ന രണം മനുഷ്യൻ.

നാസികൊട്ടു പാറെറാരു ചീററൽചീറി
നാടൊക്കെയാശഗന്ധനിമഗ്നമാക്കി.
ഇന്നുകൊട്ടും രാവികളെങ്ങു? നീയോ-
മിന്നുന്നു, മന്നിന്നു തുകിലുടുപ്പായ്.

ആ വൻപനാം ഹിററ്ല, രവൻെറ ഹിംലർ
ഗീ വൻപെഴും ഗോബൽ തുടങ്ങിയേവം
മുസ്സോളിനിക്കും ഹതിപററി; മിന്നി-
പ്പറക്കു പൊന്നിൻകൊടി നീ യജസ്രം.

നിൻ നമ്മലീലക്കു കളം ചമച്ചോൻ
നീതിപ്പരപ്പിൻെറ സമുദ്രനാഥൻ
രൂസ്വെൽററിനില്ലല്ലി, നിനക്കുയർന്നോ-
രീയൻനിലക്കോപ്പിഹ കണ്ടുവാഴാൻ.

ഞങ്ങൾക്കു നിത്യാത്സവധാത്രിയാകും
നീ, യപ്സരസാണു തുകിൽത്തിടമ്പേ!
നിൻ സുസ്ഥിരശ്രീ, നിലനില്പിനായി-
ട്ടുടർക്കളം കണ്ടവർ ഞങ്ങളെല്ലാം.

അച്ഛൻ കിടന്നങ്ങു വലഞ്ഞിടുമ്പോൾ,
കിടാങ്ങൾ ദാഹിച്ചു മരിച്ചിടുമ്പോൾ,
മാതാവു പുത്രാർത്തിയിൽ വെന്തിടുമ്പോൾ,
കളത്രരാഗം കഴൽ കേട്ടിടുമ്പോൾ,

പാരിച്ച വീരങ്കികൾ മുന്നിൽനിർത്തി
പാലിച്ചു പോരുന്നയി, നിന്നെ ഞങ്ങൾ
വെടിക്കൊട്ടും ചണ്ഡരവങ്ങൾ ഞങ്ങൾ-
ക്കോങ്കാരമന്ത്രധ്വനിമാത്രമത്രേ! (യുഗ്മകം)

നിനക്കുവേണ്ടിട്ടടർചെയ്യു കാലം
ഞങ്ങൾക്കു വന്നില പരാജയങ്ങൾ
നീയത്രഭാഗ്യങ്ങളിരാണ്, നീണാൾ
നിൻ മേന്മ നില്ക്കട്ടെ നിറഞ്ഞ കാന്ത്യാ.

ജയിക്കയന്നാൽ ധരണീതലത്തിൽ
ജയപ്രഹർഷ പ്രതിഭാ പ്രഭാവം
ജയിക്ക വിശേഷാംബരവീഥിയ ശ്രീ
വഹിച്ചിടും, ഹേമ പതാകികേ! നീ!!

# ഞങ്ങളുടെ തപാൽപെട്ടി

## വിമർശനം

സർ,

"യുദ്ധസഞ്ചിക"യുടെ കോളങ്ങളിൽ അടുത്ത കാലത്തായി ചില വിമർശനങ്ങൾ കാണാറുണ്ട്. എന്നാൽ വിമർശനം അതിൻെറ യഥാർത്ഥ അർത്ഥത്തിൽ ആശാസ്യവും അഭിലഷണീയവുമാണ്. എന്താണ് വിമർശനം അഥവാ നിരൂപണം? ഏതെങ്കിലും ഒരു സംഭവത്തെ, സിദ്ധാന്തത്തെ, അഭിപ്രായത്തെ, അതിൻെറ ഉള്ളടക്കത്തിൻെറ ന്യായാന്യായതയെ ശരിയായി വിശകലനം ചെയ്യുന്നതിനാണ്, വിമർശനമെന്നു പറയുന്നത്. ഇതിൽ ആക്ഷേപമെന്നോ ആക്ഷേപകനോ, അവമാനമോ ഉണ്ടാകേണ്ട ആവശ്യമില്ല; അതു തികച്ചും അനുകരണീയവും സ്വാഗതാർഹവുമാണ്. എന്നാൽ ഇന്ന് കാണുന്ന പല വിമർശനങ്ങളും മേൽപറഞ്ഞ രീതിയിൽനിന്നും വ്യത്യാസപ്പെട്ടാണിരിക്കുന്നത്. ഇതിന് കഴിഞ്ഞ ലക്കത്തിലെ ഒരഭിപ്രായം മാത്രം എടുത്തു കാണിച്ചാൽ മതിയാകുമെന്നു വിശ്വസിക്കുന്നു.

മേയി 25-ാം തിയ്യതിയത്തെ "സഞ്ചികയിൽ" 'സമരസാഹിത്യ'മെന്ന തലക്കെട്ടിൽ ശ്രീമതി കെ. കെ. ജാനകി അമ്മ എഴുതിയ അഭിപ്രായങ്ങൾ വായനക്കാർ ശ്രദ്ധിക്കേണ്ടതാണ്. അവരുടെ തുടക്കം കണ്ടാൽ ഒരു ഭിക്ഷണിപ്പെടുത്താനുള്ള ഭാവമാണെന്നു തോന്നും. "കുറച്ചു കാലമായി യുദ്ധസഞ്ചികയിലും ചില സാഹിത്യകസർത്തുകൾ സ്ഥലം പിടിക്കാൻ തുടങ്ങിയിട്ടുണ്ട്", വാശിയും വാഗ്മിത്വ (വായാടിത്തമന്നല്ലെ കൂടുതൽ യോജിപ്പ്?) വും കാണിച്ചുകൊണ്ടു പലരും വിവാദത്തിനു വെല്ലുവിളിക്കുവാനും തുടങ്ങിക്കഴിഞ്ഞു. ആരെയും ആക്ഷേപിക്കുകയല്ല . . . . ലക്ഷ്യം. കൂടുതൽ സംഗതികൾ മനസ്സിലാക്കുകയാണ്" ഇതെല്ലാം കൂടി കണ്ടാൽ വായനക്കാരൻ വിചാരിക്കും ഇവരുടെ നേർക്കുള്ള ചന്ദ്രഹാസമിളക്കലാണെന്നോ എന്ന്.

ശ്രീ എം. ഗോവിന്ദൻെറ "സമരസാഹിത്യ"മെന്ന ലേഖനമാണ് വിഷയം! "അദ്ദേഹം സമരസാഹിത്യത്തിന് ചില നിർവ്വചനങ്ങളും വ്യാഖ്യാനങ്ങളും നൽകുകയും. . . . അതിൻെറ ആവശ്യകതയെപററി സമർത്ഥതയോടെ സമർത്ഥിക്കയും ചെയ്തു." ഒരഭിപ്രായഗതിയെ "സമർത്ഥതയോടെ സമർത്ഥിക്കുന്നതും" "നിർവ്വചനങ്ങളും, വ്യാഖ്യാനങ്ങളും" കൊടുക്കുന്നതും "സാഹിത്യകസർത്തും" "വായാടിത്തവും" "വെല്ലുവിളിയും" ആകുന്നതെങ്ങിനെ? "കൂടുതൽ സംഗതികൾ മനസ്സിലാക്കാൻ" ഇത്രയൊക്കെ സാഹസപ്പെടുന്നതെന്തിനു? "സാഹസമൊ, അല്പബുദ്ധിയൊ" ആയിത്തീരുമെന്നുള്ള വിചാരമാണ് വിമർശനത്തിൽനിന്നു തന്നെ ഒഴിച്ചുനിർത്തുന്നത് എന്നു ശ്രീ ജാനകിയമ്മ ആവലാതിപ്പെടുന്നു. സ്വന്തം അഭിപ്രായങ്ങളെ മുന്നോട്ടു കൊണ്ടുവരുന്നതിൽ എന്തിന് ഭയപ്പെടണം!

ശ്രീ ഗോവിന്ദൻ അദ്ദേഹത്തിൻെറ ലേഖനത്തിൽ ഒരു സാധാരണക്കാരന് മനസ്സിലാവുന്ന രീതിയിലാണ് കാര്യങ്ങൾ പ്രതിപാദിച്ചിട്ടുള്ളത്. "സമരശയ്യിലൂടെ സഞ്ചരിക്കുന്ന സമുദായത്തിൻെറ ചരിത്ര"മെന്തെന്ന് അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ട്. ആ നിലക്ക് ആ ലേഖനം അടിസ്ഥാനപ്പെടുത്തി ഒരു യുക്തിവാദത്തിനു പുറപ്പെട്ടതായിരിക്കും കാര്യങ്ങൾ മനസ്സിലാക്കാൻ പ്രയോജനപ്പെടുക.

'സമരസാഹിത്യ'ത്തെപററി യാതൊരു വിധം എതിർപ്പും യാതൊരാളും ഇതെവരെ പുറപ്പെടുവിച്ചു കണ്ടില്ല. എന്നുമാത്രമല്ല അദ്ദേഹത്തിൻെറ ലേഖനവും അതിനെ തുടർന്നുണ്ടായ മററു ലേഖനങ്ങൾക്കും ശേഷം യുദ്ധസഞ്ചികയിലെ എഴുത്തുകാരിൽ ഒരു മാററം വന്നിട്ടുണ്ടെന്നു സഞ്ചികയുടെ പഴയ കോളങ്ങളും പുതിയ കോളങ്ങളും തമ്മിൽ ഒന്നു തട്ടിച്ചു നോക്കിയാൽ ബോദ്ധ്യപ്പെടും. അതെന്തിനെയാണ് കുറിക്കുന്നത്? "യുദ്ധസഞ്ചിക' വായനക്കാർക്കും, അതിലെ എഴുത്തുകാർക്കും ആ ലേഖനങ്ങളിൽ പ്രതിപാദിച്ച സംഗതികൾ ഗ്രാഹ്യമായിട്ടുണ്ടെന്നല്ലെ ഒരു സാധാരണ ബുദ്ധിക്കു മനസ്സിലാവുന്നത്? ശ്രീ ജാനകിയമ്മ മനസ്സിലായില്ലെന്നു നടിച്ചു കൂടുതൽ വിശദീകരണത്തിന്നാവശ്യപ്പെടുന്നതു, വാസ്തവത്തിൽ ഒരൊളിച്ചുകളിയല്ലെ? ജാനകിയമ്മയുടെ സംശയങ്ങൾക്കുള്ള മറുപടി പഴയ കോളങ്ങളിൽ കാണാം. കൂടുതൽ സംശയങ്ങൾ അവർ വ്യക്തമാക്കട്ടെ.

(എൻ. ഡി.)



സുബേദാർ മേജറും, ഹോണററി ലഫ്ററനൻറുമായ ഛേത്റാം സർദാർ ബഹദൂർ.



ബ്രിഗേഡിയർ ബൽവന്ത്സിങ്ങ് ഇന്ത്യൻ നാട്ടുരാജ്യങ്ങളിൽനിന്നുള്ള ആദ്യത്തെ ബ്രിഗേഡിയർ.

# അനുമോദനം

ജി. പി. ശങ്കരമംഗലം, ഊട്ടി

[കാകളി]

സുപ്രഭാതത്തിൻ സുവർണ്ണമരീചിയാൽ-
ചക്രവാളാന്തരം പുഞ്ചിരിക്കൊൾകയായ്,
താരണിത്തങ്കച്ചെടികളുലച്ചുല-
ച്ചാരാമമാനന്ദ നർത്തനം ചെയ്കയായ്,
കൊഞ്ചിക്കുഴഞ്ഞണഞ്ഞെങ്ങും സുഖാപൂർത്തിതൻ-
സന്ദേശഗീതം പരത്തിമന്ദാനിലൻ,
മാമരച്ചില്ലയിൻ മഞ്ജുപീഠങ്ങളാ-
ലാമോദ കല്ലോലമാർജ്ജിച്ചു പക്ഷികൾ:

. . . . . . . . . . . . . . . . . . . . . . . . .

ആർത്തനാദത്തിലടിഞ്ഞ പാർത്തട്ടിലി-
ക്കീർത്തനഗീതം മുഴങ്ങുവാനെന്തുചാൻ?
ഉജ്ജ്വലദാവാഗ്നിയിങ്കൽ നിന്നിത്തരം-
പച്ചക്കുളിർക്കാറ്റടിക്കുവാനെന്തുവാൻ?
ഉച്ചകൊളും വെയിൽച്ചൂടിൽ നിന്നിത്തരം-
സാചരന്ദശീതളം പൊങ്ങുവാനെന്തുവാൻ?

. . . . . . . . . . . . . . . . . . . . . . . . .

അല്ലല്ലി: യുദ്ധം കഴിഞ്ഞുവെന്നോ! സൗഖ്യ-
കല്ലോലമെങ്ങും പരന്നുവെന്നോ ഭുവി,
അല്ലല്ലി; നാസിസം, ഫാസിസം, സർവ്വവും-
എല്ലാം നുറുങ്ങിപ്പതിച്ചുവെന്നോ ഭുവി?

. . . . . . . . . . . . . . . . . . . . . . . . .

ആശംസിക്ക മിത്രവൃന്ദ സംസിദ്ധിയാ-
ലാരാദ്ധ്യമാക്കി ക്ഷമച്ചതിന്നാദിനെ,
ആരുടെ വീരാപദാനങ്ങളിൻ ജലധിയീ-
യാനന്ദഹീരത്തിനാധാരവേദിയായ്,
കാണുന്നു, കാണുന്നു, ഞാനസ്സഖാക്കൾ തൻ
കാലടിപ്പാടുകൾ കാമ്യമായ്; രമ്യമായ്,
ഈ വിധസൗഖ്യവിഭൂതിക്കു നിർഭയം-
ജീവിതരക്തം പൊഴിച്ച സഖാക്കളേ,
മന്നിതിൽ വെന്നിക്കൊടികൾ പറക്കുവാൻ-
തൻ ജീവിതം കൊടുത്ത ഭ്രാതാക്കളേ,
അത്ത്യാഗ ശക്തിതൻ ചിന്തയിൽ പോലുമെ-
ന്നുൾത്തടം ഹാ, ഹാ, കൃതജ്ഞതാ പൂർണ്ണമായ്,
ഓതട്ടെ, നന്ദ്യാ, നമോവാക വാക്യമെ-
ന്നോമൽ സഹജരേ, സഖ്യസൈന്യങ്ങളേ,
നാളത്തെ ലോക സുഖാപ്തി വിളക്കു തൻ-
നാളത്തെയിന്നേ കൊളുത്തിയോർ നിങ്ങളാം
ഇത്തെളിപ്പാതയിൽ പോകുന്ന ഞങ്ങൾതൻ-
നത്ഭുത ഭാഗ്യമവർണ്ണനീയം തുലോം:

. . . . . . . . . . . . . . . . . . . . . . . . .

പൂർവ്വദിങ്ങ് നാരീ മുഖാബ്ജത്തിലങ്ങതാ-
നേരായ കാർമുകിൽപ്പാടുകാണ്മൂ ഞാൻ
അക്കാർമുകിൽപ്പാടൊഴിയാതെ ഭാരത-
പൊൻകാല ശില്പം തഴയ്ക്കയില്ലെപ്പൊഴും
"പോകുവിൻ, പോകുവിൻ, മുന്നോട്ടിനിയുമ-
പ്പോരണി ചുട്ടയഴിക്കേണ്ടതെല്ലി!"

"നിപ്പൺ" പ്രതാപം തരിപ്പണമാകുന്ന-
തല്പമിരുന്നതാൻ കാണേണ്ടതാണപോൽ
വാർമണ്ഡലം വെന്ന നിങ്ങൾതൻ മെയ്യില-
പ്പോർക്കുചകുങ്കുമം പൂശും ജയാംഗന
അക്കാലസിദ്ധി തന്നാഗമം കാത്തിതാ-
നിൽക്കുന്നു ലോകം ശുഭാശസപൂർവ്വകം:

ഇംഗിതപൂരിത സന്തോഷ സാന്ദ്രമാം-
മംഗലഗാനം മുഴങ്ങട്ടെ മേൽക്കുമേൽ.

-ശുഭം-

# ചിരിയും ചിന്തയും

(കെ. ജി.)

വീട്ടിൽ കൂട്ടാൻ വെക്കാനുള്ള സധനങ്ങൾ എല്ലാം തീർന്ന അവസരത്തിൽ, അപ്രതീക്ഷിതമായി കണ്ടുമുട്ടിയ കുറെ അതിഥികളെയും കൊണ്ട് ഗൃഹനാഥൻ വീട്ടിൽ വന്നു.

ഗൃഹനാഥൻ: അപ്പോഴേ! ഇന്നു കൂട്ടാൻ വയ്ക്കാനെന്തുണ്ട്?

ഭാര്യ: (നീരസഭാവത്തിൽ ഉറക്കെ) "വാഴയ്ക്ക"!

ഗൃഹനാഥൻ: എന്നാൽ അതിൽ കുറെ എടുത്തു എരിശ്ശേരിയും ഉപ്പേരിയും വെക്കുക.

*　　　*　　　*

കൊച്ചമ്മ: ബട്ട്ളരെ നിനക്കു കിട്ടുന്ന ശമ്പളത്തിൻെറ പത്തിലൊന്ന് ആ ഫണ്ടിലേയ്ക്കു കൊടുക്കണം.

ബട്ട്ളർ: കൊച്ചമ്മേ, പത്തിലൊന്നല്ല, നൂറിലൊന്നല്ല, ആയിരത്തിലൊന്നുപോലും കൊടുക്കാൻ ഞാൻ തയ്യാറാണ്!

*　　　*　　　*

ഭർത്താവ്: നിനക്ക് എന്നോടു മുൻപുണ്ടായിരുന്ന സ്നേഹം ഇപ്പോൾ കാണുന്നില്ലെന്നു തോന്നുന്നു.

ഭാര്യ: ഉവ്വ്, ഇപ്പോൾ മൂന്നു 'കുട്ടികൾ'കൂടിയുണ്ട്.

*　　　*　　　*

ഡ്രായിംഗ്മാസ്റ്റർ ഒരു മേശയുടെ പടം വരച്ചു കാണിച്ചുകൊണ്ടു ഭാര്യയോട് "മേശ നന്നായിട്ടുണ്ടോ."

ഭാര്യ: "എന്താണിതിനു മൂന്നുകാൽ മാത്രം"

ഡ്രാ-മാസ്റ്റർ: "ഒരു കാൽ കാണാൻ സാധിക്കയില്ല"

ഭാര്യ: പിറേറ ദിവസം ഒരു ചൂൽ ചാണകവെള്ളത്തിൽ മുക്കി ഭിത്തിയിൽ ഒരടി വച്ചു കൊടുത്തിട്ടു ഭർത്താവിനോട്, "ഞാൻ ഒരു കുതിരയെ വരച്ചു."

ഡ്രാ-മാസ്റ്റർ: "അതുവ്വോ, എവിടെ കാണട്ടെ."

ഭാര്യ: (ചൂൽ കൊണ്ടുള്ള അടി ഭിത്തിയിൽ കാണിച്ചു കൊടുത്തിട്ടു) "ഇതു കുതിരയുടെ വാലാണ്. കുതിര അപ്പുറം തിരിഞ്ഞു നില്ക്കയാണ്. അതിനാൽ തലയും കാലും ഒന്നും കാണാൻ നിവൃത്തിയല്ല."

മദ്രാസിൽനിന്നു വീട്ടിലേയ്ക്കു മടങ്ങിയ ഒരു ബി. എ. വിദ്യാർത്ഥി സ്നേഹിതനോട്. "മദ്രാസിൽ ബ്ലാക്കുമാർക്കററിൽ കണ്ടേടത്തോളം വിലയുടെ ഇരട്ടി ഓരോ സാധനങ്ങൾക്കും കൊടുക്കണം."

ഒരു കിഴവൻ: "ഈ ബ്ലാക്കുമാർക്കററ് 'മോത്ത' മാർക്കററിൻെറ ഒരു വംശമാണ് കുഞ്ഞേ."

*　　　*　　　*

വെററിലയും കൊണ്ട് ഉത്സവസ്ഥലത്ത് വില്ക്കാൻപോയ ഒരു കിഴവി: ഭഗവാനേ! ഈ വെററില മുഴുവൻ ഉത്സവസ്ഥലത്തു ചെല്ലുന്നതിനുമുമ്പ 'പിച്ചിപ്പറിച്ചു' തീരണെ!"

(ചില കേഡികൾ ഈ പ്രാർത്ഥന സഫലമാക്കി)

"സ്വർഗ്ഗത്തിൽ കുതിരയുടെ വാൽ ആയിരിക്കുന്നതിലും ഭേദം നരകത്തിൽ പട്ടിയുടെ തലയായിരിക്കുന്നതാണ്."

*　　　*　　　*

കുഞ്ഞികൃഷ്ണൻ നായർ: "എടോ ജോർജ്ജേ ഭൂമി സൂര്യനു ചുററും കറങ്ങുന്നു എന്നു പറയുന്നതു വാസ്തവമാണോ?"

ജോർജ്ജ്: "വളരെ വാസ്തവം തന്നെ. ഇന്നലെ ഞാൻ കണക്കിലധികം 'ബിയർ' കുടിച്ചിട്ടു വരും വഴി അനുഭവപ്പെട്ടു."

*　　　*　　　*

അമ്മാമൻ: "എന്താണു കൃഷ്ണാ നീ ഈ ചെയ്യുന്നത്. ചനയുള്ള പശുവിൻെറ കയറിൽ പിടിച്ചു അതിനെ വട്ടം കറക്കുന്നോ?"

കൃഷ്ണൻ: "ഇല്ലമ്മാമാ വാദ്ധ്യാർ ഇന്നലെ പശുവിനെ കറക്കണം എന്നാലെ പാലു കിട്ടുകയുള്ളു എന്നു പറഞ്ഞു."



പാരീസ്, അവർ വീണ്ടും വഞ്ചിച്ചു! കീഴടങ്ങിയ ജർമ്മൻകാർ, വീണ്ടും പാരീസിൽ നോട്ടർഡാം പള്ളിയിൽ പ്രാർത്ഥിക്കാൻ വന്ന ജനസമൂഹത്തെ വെടിവെക്കുന്നു. പലരും മൃതിയടഞ്ഞു.

# സമരവും സമുദായപരിഷ്കരണവും

കലഹപ്രിയത്വം മനുഷ്യന്റെ ജന്മസിദ്ധമായ ഒരു വിശേഷമാണ്. കലഹത്തിന്റെ നേർക്കു സമാധാനത്തിന്റെ സന്ദേശവാഹകന്മാർ എത്ര വലിയ കുററപത്രം തയ്യാറാക്കിയാലും വരാനിരിക്കുന്ന ഒരു വിപ്ലവത്തിന്റെ മുന്നോടിയാണു അതെന്ന തത്വം അവർക്കു അപ്പോൾ വിസ്മരിക്കേണ്ടിവരുന്നു.

ആദിമനുഷ്യനായ ആദം ദൈവത്തിന്റെ ആജ്ഞയോടു കലഹിച്ച പരിസരങ്ങൾ എന്തെല്ലാമായിരുന്നാലും അവസാനം നിരോധിക്കപ്പെട്ട പഴം ഭക്ഷിച്ചു. തദ്വാരാ ദുഃഖവും സുഖവും ഇരുട്ടും വെളിച്ചവും അവനു പൃഥക്കരിച്ചു അറിയാൻ കഴിഞ്ഞു; അതോടെ കലഹപ്രിയത്വം അവനിൽ വേരൂന്നി, സുഖത്തിനുമാത്രം വേണ്ടി അവന്റെ അനന്തരഗാമികൾ യത്നിക്കുവാനുംതുടങ്ങി.

രാഷ്ട്രീയവും സാമ്പത്തികവും സാമൂഹ്യവുമായ പരിവർത്തനങ്ങളെ ത്വരിതപ്പെടുത്തുവാൻ ഒരു യുദ്ധത്തിന്നു അന്യാദൃശമായ സാദ്ധ്യതകളുണ്ട്. കേവലം നാമമാത്രമായ വ്യത്യാസങ്ങൾക്കു വാഗ്വാദം നടത്തുകയും കക്ഷിവിദ്വേഷം പരത്തുകയും ചെയ്യുന്ന ഒരു ജനതയെ പുറമെ നിന്നുള്ള ഒരു അക്രമിയുടെ പീരങ്കിനാദം അഭേദ്യമാംവിധം കൂട്ടിയോജിപ്പിക്കുന്നു. ഭയപ്പെട്ട ഒരു പൈതൽ അതിന്റെ മാതാവിനോടു പൂർവ്വാധികം സ്നേഹവും അടുപ്പവും പ്രദർശിപ്പിക്കുന്നതുപോലെ ശത്രുശബ്ദം ശ്രവിച്ച ജനാവലി സ്വന്തം മാതൃഭൂമിയോടു കൂടുതൽ ചേർന്നു നില്ക്കുകയും ശത്രുപരാജയാർത്ഥം ഒന്നിച്ചുനിന്നു പൊരുതുകയും ചെയ്യുന്നു. ചൈനയും ഇംഗ്ലണ്ടും ഇതിന്നു മതിയായ ദൃഷ്ടാന്തങ്ങളാണ്.

രാഷ്ട്രീയ ഐക്യതക്കുശേഷം സാമ്പത്തിക പുരോഗതിയാണ് സമരംമൂലം ഒരു രാഷ്ട്രീയത്തിന്നു വരാനിരിക്കുന്നതു്. വമ്പിച്ച വ്യവസായശാലകൾ, പുതിയ കണ്ടുപിടുത്തങ്ങൾ, എണ്ണമററ നവജീവിതോപകരണങ്ങൾ തുടങ്ങി അല്പാടെ വ്യത്യസ്ഥമായ ഒരു ജീവിതരീതിക്കുപോലും ലോകത്തിന്നു കവാടം തുറന്നു കൊടുക്കുന്നതു സമരകാലശേഷമാണ്.

ഇവയെല്ലാമുപരിയാണ് സാമുദായിക വിപ്ലവങ്ങൾ. അതു വ്യക്തമാക്കുകയാണ് ഈ ലേഖനത്തിന്റെ ഉദ്ദേശവും.

ഇന്നത്തെ യുദ്ധം കഴിഞ്ഞു അഞ്ചുകൊല്ലംകൊണ്ടു ഒരു ഇരുപതുവർഷംകൊണ്ടു വരാവുന്ന പരിവർത്തനമാണ് നമ്മുടെ സാമുദായിക ഘടനയിൽ ഉണ്ടാക്കിയിരിക്കുന്നതു്.

ഏതൊരു രാഷ്ട്രത്തിന്റെ പുരോഗതിക്കും ഒരു പൊതു ഭാഷ അവശ്യം ആവശ്യമാണല്ലൊ: ഉർദ്ദു നമ്മുടെ സേനയുടെ ഔദ്യോഗിക ഭാഷയായി ഗവർമ്മെണ്ടു അംഗീകരിച്ചു നടപ്പിൽ വരുത്തിയിരിക്കുന്നു.

ഭാരതത്തിന്റെ ഏതൊരു ഭാഗത്തു ചെന്നാലും ഒരു പടയാളിക്കു മറെറാരു പടയാളിയോടും—നമ്മുടെ സൈന്യത്തിൽപ്പെട്ട—തന്റെ ആശയം പറഞ്ഞറിയിക്കാൻ തന്മൂലം ഒരു ഉപാധിയുണ്ടായിരിക്കുന്നു.

മനുഷ്യന്റെ എണ്ണമററ അന്ധവിശ്വാസങ്ങൾക്കും അസമത്വങ്ങൾക്കും അതിവേഗത്തിൽ അറുതി വരുത്തുവാൻ സമരത്തെപ്പോലെ സഹായിക്കുന്ന മറെറാരു ഘടകമില്ല.

ഒരു രാമൻ നമ്പൂതിരിക്കും ഒരു കോരനും ഒരു ബെഞ്ചിന്മേൽ ഇരിക്കാനും ഒരേ മേശയിന്മേൽവെച്ചു ഭക്ഷണം കഴിക്കാനും വിരോധമില്ല, വൈഷമ്യവുമില്ല. ഔസേപ്പിനും അബ്ദുള്ളക്കും ഒരേ പാചകൻ തയ്യാറാക്കിയ ഭക്ഷണം കഴിക്കാം. അപ്പോഴൊക്കെ മതനിയമം കണ്ണുചിമ്മുകയും ജാതിഭ്രഷ്ടു് അകലെനിന്നുകൊണ്ടു കൊഞ്ഞനം കാണിക്കുകയും മാത്രം ചെയ്യുന്നു.

സൈനിക വകുപ്പിലെ ഈ സമത്വബോധം പൌരജീവിതത്തിൽ കാണാത്തതിന്റെ ഹേതുവെന്താണ്? നമ്പൂതിരിക്കുമാത്രം ഒരു മുറിയും അബ്ദുള്ളക്കുമാത്രം ഒരു പാചകനേയും അനുവദിക്കുവാൻ സൈനികമേധാവികൾ തയ്യാറില്ല. അതിനാൽ അവർക്കു തദ്ഭാവത്തിലുള്ള ബുദ്ധിമുട്ടുകളുമില്ല. താങ്ങുവാൻ ആളുണ്ടെങ്കിലെ തളർച്ചയുണ്ടാകയുള്ളു.

സാമുദായികാസമത്വങ്ങൾ യുദ്ധകാല ദൌർലഭ്യത്തിന്നു ആനുപാതികമായി ലഘൂകരിക്കുന്നുവെന്നു നമുക്കു മനസ്സിലാക്കാം. ഇനി അന്തർസമുദായികാസമത്വങ്ങളെ ഒന്നു വിശകലനം ചെയ്യുക.

ഉദാഹരണമായി സുന്ദരിയും വിദ്യാസമ്പന്നയുമായ മേരിയെ ജോണിന്നു വിവാഹം ചെയ്യാൻ പാടില്ലത്രെ. മേരിക്കോ ജോണിന്നോ വ്യക്തിപരമായി പോരായ്മകൾ ഒന്നുമില്ലാതാനും. ഇരുവരും റോമൻ കത്തോലിക്കരാണ്. പക്ഷെ ഒരാളുടെ തറവാട്ട് മറേറയാളുടേതിനേക്കാൾ പൂർവ്വചരിത്രം കുറഞ്ഞതാണെന്നുമാത്രം. ഇങ്ങനെ ഒരേ സമുദായത്തിന്നു അകത്തുള്ള അസമത്വം ഇതരമതങ്ങളിലും അല്പാല്പം വ്യത്യാസത്തോടെ അവയുകളിൽ വെച്ചുപോറുന്നുണ്ട്. ഇതിന്നു ഇന്നത്തെ സമരം കുറെയേറെ ഒരു സമൂലപരിവർത്തനമുണ്ടാക്കിയിരിക്കുന്നു.

**സി. ആർ. ഗോപാലനെഴുത്തച്ഛൻ, ബി. എ.**

പഴയതും പറഞ്ഞു വടിക്കുകുത്തു ഇരിക്കുകയോ അഥവാ സ്വന്തം നാട്ടിൽതന്നെ വല്ല തൊഴിൽ ചെയ്കയോ ആണു സാധാരണ മിക്ക "തറവാട്ടുകാരും" ചെയ്തുപോരുന്നതു്. കാരണം വിദേശവാസവും 'തൊട്ടുതീണ്ടലും' മററും തറവാടിയെ 'മ്ലേച്ഛ' നാക്കുമത്രെ!

എന്നാൽ 'തറവാട്ടു മഹിമ' കുറഞ്ഞ ഒരു വ്യക്തി തറവാടിത്തം പണത്തിലും പ്രയത്നത്തിലുമാണ് നിലകൊള്ളുന്നതെന്ന പരമാർത്ഥം മനസ്സിലാക്കി അന്യരാജ്യങ്ങളിൽപ്പോയി അനവരതം അദ്ധ്വാനിക്കുന്നു. പണവു പദവിയും കൊണ്ടു് തിരിച്ചുവരുമ്പോൾ അയാൾ കാണുന്നതു് അസൂയയോടുകൂടി അകലെനിന്നു കൊണ്ടു തന്നെ നോക്കുന്ന അദ്യത്തെ 'തറവാടി'യെയാണ്. 'തറവാടി' പറഞ്ഞേക്കാം "ഹേ! ഈ യുദ്ധം വന്നില്ലെങ്കിൽ ഇന്നു നീ എന്റെ ഒപ്പം ഇരിയ്ക്കുയില്ലെന്നു മാത്രമല്ല എന്റെ മുഖത്തു നോക്കാൻ പോലും ധൈര്യപ്പെടുമായിരുന്നില്ല" എന്ന്. പക്ഷെ എന്തു ചെയ്യാം, യുദ്ധം വന്നുപോയി!! പ്രയത്നവും പണവും പരിചയവുമുള്ള വളരെ തറവാടികളെ ഇന്നത്തെ യുദ്ധം സൃഷ്ടിച്ചിട്ടുണ്ട്.

ആവശ്യം കണ്ടുപിടുത്തങ്ങളെ ഉല്പാദിപ്പിക്കുന്നുവെന്നു പറഞ്ഞതു സ്ത്രീകളുടെ കാര്യത്തിൽ ഇന്നത്തെ യുദ്ധം തികച്ചും യഥാർത്ഥമാക്കിയിട്ടുണ്ട്. അടുക്കളവേലക്കും പാട്ടിനും നൃത്തത്തിനും മാത്രമല്ല സ്ത്രീകൾ ഉതകുന്നതു് എന്നും പുരുഷൻ നിർവ്വഹിക്കുന്ന ഏതൊരു ജോലിയും—സമരസന്നാഹത്തിൽ—തുല്യപാടവത്തോടെ സ്ത്രീക്കു ചെയ്യാൻ കഴിയുമെന്നും റഷ്യയിലേയും ഇംഗ്ലണ്ടിലേയും സ്ത്രീകൾ ഉദാഹരണസഹിതം വെളിവാക്കിയിരിക്കുന്നു. ഒരു രോഗിയെ ശുശ്രൂഷിക്കുക തുടങ്ങി ശത്രുവിനെ സധീരം അഭിമുഖീകരിച്ചു എതിർക്കുവാനും അവന്റെ യന്ത്രശാലകൾ ബോംബിട്ടു തകർക്കുവാനും സ്ത്രീക്കു ഇന്നു നിഷ്പ്രയാസം സാധിക്കുന്നുണ്ടു.

എങ്കിലും മേല്പറഞ്ഞ വിധമെല്ലാമുള്ള പരിണാമങ്ങൾ ഈ യുദ്ധമുണ്ടായില്ലെങ്കിലും വരുമായിരുന്നില്ലെ എന്നു ചിലർ ചോദിച്ചേക്കാം. ഉവ്വ്, ഉണ്ടാകും. അപ്പോൾ അതിന്നു കാലതാമസം വേണ്ടിവരുമെന്നുമാത്രം. ഇരുപതു കൊല്ലം കഴിഞ്ഞാൽകാണാവുന്ന 'അത്ഭുതങ്ങൾ' ആണ് ഈ ചുരുങ്ങിയ യുദ്ധകാലംകൊണ്ടു് മനുഷ്യൻ കാണുന്നതു്. അല്ലെങ്കിൽ മനുഷ്യന്റെ ആയുസ്സ് പലവിധത്തിലും ഈ യുദ്ധം നീട്ടിക്കൊടുത്തിരിക്കുന്നുവെന്നുതന്നെ പറയാം.

യുദ്ധം കഴിഞ്ഞ ശേഷം പുതിയ യന്ത്രങ്ങളും, മരുന്നുകളും ഇതര സുഖസാമഗ്രികളും സുലഭമായി പുറത്തുവരും. നാലണക്കു പെനിസ്സില്ലിൻ വാങ്ങാൻ വേണ്ടി രണ്ടണ കൊടുത്തു നിങ്ങൾ വിമാനയാത്ര ചെയ്യും. വിമാനം 500 നാഴിക വേഗത്തിൽ പറപ്പിക്കുന്ന ആ പെൺകുട്ടി നിങ്ങളോടു ചോദിക്കും: "കഷ്ടം! നിങ്ങളെല്ലാം ഇത്രയും അധഃപതിച്ചതിന്റെ ഹേതുവെന്താണ്?" എന്ന്. ഇപ്പറഞ്ഞതെല്ലാം പരമാർത്ഥമാണെന്ന് അപ്പോൾ നിങ്ങൾക്കു മനസ്സിലാവുകയും ചെയ്യും.



പടിഞ്ഞാറൻ യൂറോപ്പിൽ സ്വതന്ത്രമാക്കപ്പെട്ട ആദ്യത്തെ നഗരവും തുറമുഖവുമാണ് ചെർബോഗ്

ചെറുകഥ

# ഒളിഭടന്മാർ

"ണ്ണിം, ണ്ണിം, ണ്ണിം."

മണി മൂന്നടിച്ചു. ആയാൾ കൈവിരൽകൊണ്ടെണ്ണിനോക്കി. അതേ, ഇനിയും ഏഴ മണിക്കൂറുകൾ മാത്രമേയുള്ളു—ഒരു 420 നിമിഷങ്ങൾ. ചുറ്റുപാടും നിശ്ശബ്ദത; എല്ലാവരും കിടന്നുറങ്ങുന്നു. പാവം, ആ ചൈനക്കാരൻ കിടന്നു കൂർക്കം വലിക്കുന്നതു കേട്ടാൽ കരച്ചൽ തോന്നും. ആ കൂർക്കംവലിയിലൂടെ ആയാളുടെ ജീവിതം ചോർന്നുപോവുകയാണ്. അവസ്സ ഒരു ദീനരോദനത്തിന്റെ ഛായയുണ്ട്—ഒരു തേങ്ങലിന്റെ നേരിയ സ്വരം. ആയാളുടെ വാരിയെല്ലുകൾ പൊന്തുകയും താഴുകയും ചെയ്യുന്നു. കൊല്ലന്റെ ഉലപോലെ ഓജസ്സില്ലാത്ത ഒരു ശരീരം കിടന്നു ഉലയുന്നു, ഊതുന്നു, അത്ര മാത്രം!

ആയാൾ മാത്രം, നേരമിത്രയായിട്ടും ഉറങ്ങിയിട്ടില്ല.

വൃത്തികെട്ട മുറി; നാറിയ അന്തരീക്ഷം. അവർ അഞ്ചു പേരുണ്ട്—അവക്കു ശരിക്കു കിടക്കാൻ ആ മുറിയിൽ സ്ഥലമില്ല. നല്ല ദേഹപുഷ്ടിയുള്ള രണ്ടു പേക്കു നീണ്ടുനിവർന്നു കിടക്കുവാൻ സാദ്ധ്യമാവാത്ത ആ മുറിയിൽ—ഇരുട്ടറയിൽ—അഞ്ചു പേരെ കുത്തിനിറച്ചിട്ടുണ്ട്. നാലു പേർ കിടന്നുറങ്ങുന്നു, അന്യോന്യം കെട്ടിപ്പിടിച്ചുകൊണ്ട്. മരം കോച്ചുന്ന മഞ്ഞു അവരെ മരവിപ്പിക്കുന്നു. അവക്കു പുതക്കാനൊന്നുമില്ല. പക്ഷെ അവർ സ്വന്തം കുപ്പായങ്ങൾ ഊരിയിട്ടുണ്ട്. അന്യോന്യം തൊട്ടുരുമ്മിക്കിടക്കുന്നതിനാൽ, ഓരോരുത്തരും തന്റെ ദേഹംകൊണ്ട് മറെറയാളെ പുതപ്പിക്കുന്നു. നിദ്രാദേവിക്കു നന്ദി പറയുക, അവളുടെ ആശ്ലേഷത്തിൽ ആനന്ദനിമഗ്നരായി, യാതൊന്നുംതന്നെയറിയാതെ ആ നാലു ആത്മാക്കളും വിശ്രമിക്കുകയാണ്. "ണ്ണിം" ഘടികാരം വീണ്ടും ശബ്ദിച്ചു. മണി മൂന്നരയായി. എന്നിട്ടും ആയാളുടെ കൺപോളകൾ കൂമ്പുന്നില്ല.

അമ്പതു വാര അകലെ അഞ്ചു നിമിഷത്തിലൊരിക്കൽ പാറാവുകാരന്റെ രൂപം പ്രേതത്തെപോലെ പ്രത്യക്ഷപ്പെടുന്നു. ആയാളുടെ കനത്ത ബൂട്സിന്റെ ശബ്ദം നിശ്ശബ്ദതയെ തെല്ലൊന്നു ഭഞ്ജിക്കുന്നുണ്ട്. ആ കാളരാത്രിയുടെ ഹൃദയസ്പന്ദനംപോലെ ആ ശബ്ദം ഇരുണ്ട അന്തരീക്ഷത്തിലേക്ക് ഉരുണ്ടു കയറുന്നു.

ഒരു നേരിയ ചലനം; മുറിക്കുള്ളിലൊരു മുഴക്കം; ഒരു നീണ്ട മൂളൽ; ഉറങ്ങുന്ന നാലുപേരും ഒന്നു പിടഞ്ഞു. അവർ എന്നിട്ടും ഉണർന്നില്ല. അവരുടെ ശുഷ്കിച്ച ദേഹത്തിലെ രക്തം ഊററിക്കുടിക്കാൻ മൂട്ടകൾ കിടന്നു പരക്കം പായുകയാണ്. പാവങ്ങൾ! അവർ പിടഞ്ഞുരുളുന്നു, ചൊറിയുന്നു, തിരുമ്മുന്നു. വെരുത്ത മൂട്ടകൾ, അവരുടെ ദേഹത്തിൽ സ്വച്ഛന്ദം സവാരി ചെയ്യുകയാണ്; മൂട്ടക്കുഞ്ഞുങ്ങളാകട്ടെ, രോമനിബിഡിതമായ ആ മാർത്തടങ്ങളിൽ ഒളിച്ചുകളിക്കുകയും, ഊളിയിടുകയും ചെയ്യുന്നു.

മണി വീണ്ടും അടിച്ചു. എന്തോ ഒരു പൈശാചികതയുണ്ട് ആ ശബ്ദത്തിൽ. ആയാൾ ഒന്നു ഞെട്ടി. ഒരു കൊതു സംഗീതവിസ്താരം ചെയ്ത് ആയാളുടെ ചെവികൾക്കരികിൽ വതുങ്ങിക്കളിച്ചു. ആയാൾ അതിനെ അടിച്ചുകൊന്നു. കയ്യിൽ ചോരത്തുള്ളികൾ; അതേ, ആയാളുടേയും സുഹൃത്തുക്കളുടെയും ചോര!

"ആരത്?" പാറാവുകാരൻ തോക്കു നീട്ടിക്കൊണ്ടു ചോദിച്ചു. മറുപടിയില്ല; അകലെ നിന്നതിന്റെ മാറെറാലി കാററിലലച്ചു. "ആരത്?" വീണ്ടും ആയാൾ ആവത്തിച്ചു. എന്നിട്ടും നിശ്ശബ്ദത, നിർവ്വികാരമായ നിശ്ശബ്ദത മാത്രം! ആയാൾ തോക്കൊഴിച്ചു.

നനുത്ത മഞ്ഞിലൂടെ ഒരു വെടിയുണ്ട കുതിച്ചുപാഞ്ഞു. അകലത്തെ കുററിപ്പൊന്തയിൽനിന്നു കുറുക്കന്മാർ ഓരിയിട്ടു. അയൽവീട്ടിലെ പട്ടികൾ കുരച്ചു. പാറാവുകാരനു ശുണ്ഠിപിടിച്ചു. ആയാൾ വീണ്ടും വെടിവെച്ചു. ലക്ഷ്യമില്ലാതെ അങ്ങുമിങ്ങും തിരകളൊഴുക്കി.

ഒരു വെടിയുണ്ട മുറിക്കുള്ളിൽ വന്നു. ചുമരിന്റെ ഒരു ശകലം ഇടിഞ്ഞടർന്നുവീണു. ആ പാവപ്പെട്ട നാലു പേരും ഞെട്ടിയുണർന്നു പിടഞ്ഞെഴുന്നേററു. ചിലർ ദീനസ്വരങ്ങൾ പുറപ്പെടുവിച്ചു. ഉറക്കം തെളിയാത്ത അവരുടെ കണ്ണുകളിൽ അന്ധാളിപ്പും പരിഭ്രമവും പേടിയും നിഴലിച്ചിരുന്നു. ചൈനക്കാരൻ കരഞ്ഞു; വേറൊരാൾ തേങ്ങി; മറേറയാൾ പേടിച്ചു കണ്ണു പൊത്തി!

എം. ഗോവിന്ദൻ.

"ശ്, ശ്ശ്, അനങ്ങരുത്" ആയാൾ താക്കീതു ചെയ്തു. "നിങ്ങൾ കിടന്നുറങ്ങിക്കൊള്ളു. യാതൊരപകടവുമില്ല."

"യാതൊരപകടവുമില്ല!" ചൈനക്കാരൻ ഉച്ചത്തിൽ കരയാൻ തുടങ്ങി, "നിങ്ങൾക്കു കിറുക്കുണ്ട്—തനികിറുക്ക്! യാതൊരപകടവുമില്ല!" ആയാൾ പെട്ടെന്നു പൈശാചികമായി പൊട്ടിച്ചിരിക്കാൻ തുടങ്ങി.

"ണ്ണിം, ണ്ണിം, ണ്ണിം, ണ്ണിം" ക്ലോക്കിൽനിന്നു നാലു ശബ്ദം! ചൈനക്കാരൻ പെട്ടെന്നു പകച്ചുനോക്കി. "മണി നാല്! ഇനി" ആയാൾ പിന്നോട്ടു മറിഞ്ഞുവീണു. മററുള്ളവർ താങ്ങി, ഫലമില്ല! 'ചാ പോ ഫെയിൻ' ഈ ലോകത്തിൽനിന്നും മറഞ്ഞുകഴിഞ്ഞു.....!

"ആയാൾ രക്ഷപ്പെട്ടു" ദീർഘനിശ്വാസം വിട്ടുകൊണ്ട് ഉറങ്ങാതിരുന്ന ആൾ പറഞ്ഞു, "മരണത്തിനു മധുരിമയുള്ള ചില അപൂർവ്വ സന്ദർഭങ്ങളുണ്ട്."

ചാ പൊ ഫെയിന്റെ മൃതദേഹം! തണുത്തു മരവിച്ച ഒരു പിടിയെല്ലും തോലും. ആയാളുടെ കീറ ബനിയനു അകത്തു ഒരു ചിത്രം കണ്ടു. പരമേശ്വരൻ അതെടുത്തു. 'മാ ഫെൻ' എന്നു അതിന്മേലെഴുതിയിരുന്നു.

"പാവം അയാളുടെ മകളാണിത്!" ആയാൾ പറഞ്ഞു.

"മാത്രമല്ല ലോകത്തിനു ഒരു മാന്യപൌരൻ നഷ്ടപ്പെട്ടു" പരമേശ്വരൻ ഊന്നിപ്പറഞ്ഞു, "പക്ഷെ ജാപ്പുകൾ ഒരു ജീവനുകൂടി മറുപടി പറയേണ്ടിവരും."

"ചൈനയിലെ ഒരു കുഞ്ഞനാഥയായി" വേറൊരാൾ വേദനയോടെ അഭിപ്രായപ്പെട്ടു.

"മിണ്ടാതിരി" പുറത്തുനിന്നു പാറാവുകാരൻ ശാസിച്ചു. "നായ്ക്കൾ കുരക്കുന്നു! ആ തന്ത ചൈനക്കാരനാവും മുരളുന്നത്"

നാലു പേരും ആ ശവവും ശബ്ദിച്ചില്ല!

കിഴക്കുദിക്ക് ചുവന്നു തുടങ്ങി. ഒരു കുരുതിക്കളത്തിന്റെ അവശിഷ്ടംപോലെ പല നിറങ്ങളും അവിടെ പ്രത്യക്ഷപ്പെടാൻ തുടങ്ങി. ചോര പുരണ്ട മൃതശരീരങ്ങളെന്നോണം രക്തപ്രഭയിൽ മുകിൽത്തുണ്ടുകൾ മുങ്ങിപ്പൊന്തി. നിമിഷങ്ങളാകുന്ന ചിത്രശലഭങ്ങൾ ചിറകടിയൊച്ചയില്ലാതെ പറന്നുപോവുന്നു. പ്രഭാതരശ്മികൾ അവയെ പിടിക്കാനായി കിഴക്കൻ കുന്നിൻചരിവുകളിലൂടെ പതുങ്ങിക്കയറുന്നു.

ദൂരെനിന്നു ഒരു ഞെരങ്ങിഞെരുങ്ങൽ കേൾക്കാനുണ്ട്. കുററിപ്പൊന്തകൾക്കിടയിൽനിന്നു കുറുക്കന്മാർ പാതി ജീവനുള്ള ഒരു മനുഷ്യനെ കടിച്ചുവലിക്കുകയാണ്; അവ മനുഷ്യന്റെ മാംസവു! ചോരയും പ്രാതലിനുവേണ്ടി പങ്കിട്ടെടുക്കുകയാണ്; നരമാംസത്തിന്റെ രുചി നോക്കുകയാണ്.

II

എങ്ങും ജപ്പാന്റെ വിജയം. പേൾ ഹാർബർ, പൌരസ്ത്യദ്വീപസമൂഹം, മലയാ, എല്ലായിടത്തും അവർ മുന്നേറുന്നു. സിങ്കപ്പൂർ അവർ അധീനപ്പെടുത്തി. ബർമ്മയിലേയ്ക്കു കടന്നു ദിനംതോറും അടുത്തടുത്തു വരികയാണ് ആ ചെകുത്താന്മാർ.

അയേൺ ഫാക്ടറിയിലെ ആ ക്ലാക്ക് പ്രവൃത്തിയിൽ ശ്രദ്ധിക്കാതെ ഇക്കാര്യങ്ങളെപ്പററി ആലോചിച്ചു, ബർമ്മ പിടിച്ചാൽ? അവരിന്ത്യയെ ആക്രമിക്കയില്ലേ? ജർമ്മനിയാണെങ്കിൽ കോക്കസ്സസ്സിലേക്കു കുതിക്കുന്നു. ആയാൾക്കു തലതിരിഞ്ഞു; ആലോചനകൾ ആയാളുടെ തലയിൽ തീജ്വാലകൾ ഊതിപ്പിടിപ്പിച്ചു. ചുഴലിക്കാററിൽ പെട്ട കരിയിലപോലെ, നീർച്ചുഴിയിൽപെട്ട പുൽക്കൊടിപോലെ ആയാളുടെ ചിന്തകൾ പാറിപ്പറന്നു. ഫാസിസത്തിന്റെ വിജയം! ആയാൾക്കു ശ്വാസം മുട്ടി ആ ആലോചനയിൽ.

അല്ലാ, അവർ സന്തോഷിക്കുന്നു. അതയാളെ ഈർഷ്യാലുവാക്കി. കമ്പനി മാനേജർ മുതലിയാർ, ഫോർമെൻ വി. കെ. മേനോൻ, അവരുടെ മുതലാളി ചെട്ടിയാർ ഇവരെല്ലാംതന്നെ പത്രങ്ങൾ വായിച്ച് ആഹ്ലാദിക്കുന്നു. ബോസിന്റെ റേഡിയോ പ്രസംഗം കേട്ടു പ്രചാരവേല ചെയ്യുന്നു. എന്ത്? ശത്രുവിന്റെ വഞ്ചനാപരമായ പ്രചരണങ്ങളെ പാടിപ്പുകഴ്ത്തുകയോ? ആ ക്ലാക്കിനു അരിശം പിടിച്ചു. ഇവർ അഞ്ചാംപത്തികാരാണോ?

ബർമ്മയിൽ വീണ്ടും ജാപ്പുകൾ മുന്നേറി. അഭയാർത്ഥികൾ അധികരിച്ചു. ആളുകൾ ബർമ്മ വിടാൻ പ്രാണത്യാഗംചെയ്തും ശ്രമിച്ചു. റംഗൂൺ, മാൻഡലി തുടങ്ങിയ പട്ടണങ്ങളിൽനിന്ന് ആയിരക്കണക്കിൽ ഇന്ത്യക്കാർ സ്വരാജ്യത്തു പററിക്കയറുവാൻ ഉത്സാഹിച്ചു ഒരുക്കങ്ങൾ കൂട്ടി. ഇനി അവിടെ നിന്നാൽ ആപൽക്കരമാണ്; സൂര്യന്റെ കുഞ്ഞുങ്ങൾ ബർമ്മയിലിരച്ചു കയറുന്നു.

ആ ക്ലാക്കിനു എന്നിട്ടുമുണ്ടായില്ല ഒരു കുലുക്കം. അത്ഭുതമെന്നുതന്നെ പറയണം, യാതൊരു ഭാവവ്യത്യാസവുമുണ്ടായില്ല ആയാൾക്ക്! വല്ലാത്തൊരു മനുഷ്യൻതന്നെ.

റംഗൂൺകൂടി ആപത്തിൽ പെട്ടു. കമ്പനിയിലുള്ള ബർമ്മക്കാരല്ലാത്തവരെല്ലാം പോകുന്നതിനു തീർച്ചയാക്കി. മാനേജർ മുതലിയാർ ക്ലാക്കിനോടു ചോദിച്ചു, "ഞങ്ങളെല്ലാം ഇന്നു വൈകുന്നേരത്തെ 6½ മണിക്കുള്ള കപ്പലിനു പോകയാണ്. ഇവിടെ നിന്നാൽ ആപത്താണ്. നിങ്ങൾ എന്തു വിചാരിക്കുന്നു?"

ക്ലാക്കിനു ചിരിവന്നു; ആയാൾ പൊട്ടിച്ചിരിച്ചു. എന്തൊരു തോന്നിവാസം! മുതലിയാരുടെ പുരികങ്ങൾ ചുളിഞ്ഞു. ആയാൾ അല്പം കോപം കലന്ന സ്വരത്തിൽ ചോദിച്ചു, "നിങ്ങൾക്കു മനസ്സിലാകുന്നുണ്ടോ, മിസ്റ്റർ? ചിരിക്കാനും കളിക്കാനുമുള്ള നേരമല്ല ഇത്."

"അല്ലേ?" ക്ലാക്ക് തിരിച്ചടിച്ചു, "ശത്രു, ഓരോ രാജ്യവും പിടിക്കുമ്പോൾ നിങ്ങൾ ആഹ്ലാദിക്കുകയായിരുന്നല്ലോ. ഇപ്പോഴെന്താണ് ഇത്ര പരിഭ്രാന്തി? ജപ്പാനെ കുറച്ചുകൂടെ പുകഴ്ത്തിക്കൂടെ? അവർ ബൌദ്ധന്മാരാണ്, ഏഷ്യക്കാരാണ് എന്നൊക്കെപ്പറഞ്ഞു രസിച്ചിരുന്ന നിങ്ങൾ അവരുടെ സാമീപ്യത്തെ വെറുക്കുന്നതു് അസംഗതമായിത്തോന്നുന്നു."

"തമാശ പറഞ്ഞതു് നിങ്ങൾ കാര്യമാക്കിയില്ലേ?" മുതലിയാർ ശാന്തതയോടെ വിവരിച്ചു, "അന്നൊക്കെ അതു നമ്മെ ബാധിച്ചിരുന്നില്ല. ഇന്നു സ്ഥിതിഗതികൾ നിശ്ശേഷം മാറിക്കഴിഞ്ഞിരിക്കുന്നു. നിമിഷങ്ങളോരോന്നും പുതിയപുതിയ വിപത്തുക്കളെ വഹിച്ചുംകൊണ്ടാണ് വരുന്നത്. നോക്കൂ, എന്റെ ഇതേവരേയും ഉള്ള സമ്പാദ്യം! പത്തു ലക്ഷം ഉറുപ്പിക, അതെങ്ങിനെ ഉപേക്ഷിക്കും? വല്ല വിധത്തിലും അക്കരെപ്പററണം."

“മുങ്ങുന്ന കപ്പലിൽനിന്നു ചാടുന്ന ഒരെലിയാണ് നിങ്ങൾ” ക്ലാക്ക് അടിച്ചുവിട്ടു.

“നിങ്ങളെന്തു പറഞ്ഞാലും വേണ്ടില്ല” മുതലിയാർ പരിഭ്രാന്തിയോടെ പറഞ്ഞുതീർത്തു.

“അല്ലാ സേർ, ബോസ് നിങ്ങളെ രക്ഷിക്കയില്ലേ, നിങ്ങളുടെ ആരാധനാമൂർത്തി?” ക്ലാക്ക് തന്റെ മേധാവിയെ കളിയാക്കി.

“അതൊക്കെ പിന്നെ പറയാം; നിങ്ങൾ പുറപ്പെടുന്നുവോ?”

“നോക്കൂ, മി. മുതലിയാർ, നിങ്ങൾ ബ്രിട്ടീഷ് ഗവമ്മേണ്ട് ചീത്തയാണെന്നും ജാപ്പുകൾ ഇന്ത്യയേയും മററും സ്വാതന്ത്ര്യമാക്കാൻ വരുന്നതാണെന്നും പറഞ്ഞിരുന്ന ആളല്ലേ? നിങ്ങളിപ്പോൾ എന്തിനാണ് പേടിച്ചോടുന്നത്? നിങ്ങൾ പത്തു വർഷമായി ബർമ്മയിൽ താമസിക്കുന്നു. പത്തു ലക്ഷം ഉറുപ്പിക സമ്പാദിക്കുകയും ചെയ്തു. —പാവപ്പെട്ട ബർമ്മക്കാരുടെ അദ്ധ്വാനഫലത്തിൽനിന്ന് സമ്പാദിച്ച ധനം! ഇന്നു നിങ്ങൾക്കു ഈ രാജ്യത്തോടു യാതൊരു സ്നേഹവുമില്ല. നിങ്ങൾക്ക് പണം മതി. ഒരു രാജ്യത്തെ, കരിമ്പിൻചണ്ടിപോലെ വലിച്ചെറിയുന്നു. ഇന്ന് ഇന്ത്യയിൽ നിങ്ങൾക്കു രക്ഷയുണ്ട്. പക്ഷെ നിങ്ങൾക്ക് ഇന്ത്യയോടു സ്നേഹമുണ്ടോ? ഇല്ല—ഈ പത്തു ലക്ഷം ഉറുപ്പികക്കുവേണ്ടി നിങ്ങൾ ഈ ലോകത്തെ മുഴുവൻ നശിപ്പിക്കും. വേണമെങ്കിൽ വിററുകളയും!

അന്നൊക്കെ നിങ്ങൾ ജപ്പാനെ പുകഴ്ത്തി; ഇന്നോ നിങ്ങൾ പേടിച്ചോടുന്നു. കഷ്ടം! കനത്ത ഭീരുത്വം! ജാപ്പുകളെ എതിക്കാനുള്ള നെഞ്ഞൂക്കു നിങ്ങൾക്കില്ല. പടുക്കുററൻ പേടിത്തൊണ്ടനായ നിങ്ങൾ സ്വാതന്ത്ര്യത്തെപ്പററി പ്രസംഗിക്കുന്നു. ശത്രുവിന്റെ—അല്ല നിങ്ങളുടെ മിത്രത്തിന്റെ—മുമ്പിൽനിന്നും ഒളിച്ചോടുന്ന ഭീരുക്കൾക്ക് സ്വാതന്ത്ര്യംകൊണ്ടെന്താണ് ഫലം?”

“നിങ്ങൾ പറയുന്ന സ്വാതന്ത്ര്യമല്ല എന്റെ സ്വാതന്ത്ര്യം” മുതലിയാർ ശുണ്ഠിപിടിച്ചു പറഞ്ഞു.

“നിങ്ങളുടെ സ്വാതന്ത്ര്യം എന്താണെന്നു എനിക്കറിയാം. നിങ്ങളുടെ പത്തു ലക്ഷത്തിനുള്ള സ്വാതന്ത്ര്യം അല്ലേ? ഫ്രാൻസിലെ സുപ്രസിദ്ധമായ 200 കുടുംബങ്ങളിലൊന്നിൽ ജനിക്കേണ്ടതായിരുന്നു നിങ്ങൾ.” പുച്ഛസ്വരത്തിൽ ക്ലാക്ക് ചോദിച്ചു.

“എനിക്കു വാദിക്കാൻ നേരമില്ല.” മുതലിയാർ പോകാൻ എഴുന്നേററു.

“പിന്നേയ്, നിങ്ങൾ ഇന്ത്യയിൽ പോയി പണം മോഹിച്ച് ശത്രുവിന്ന് ചാരവൃത്തി ചെയ്യരുത്; രാജ്യദ്രോഹത്തിന്നൊരുങ്ങരുത്; അങ്ങിനെ ഇന്ത്യയെ അധഃപതിപ്പിക്കരുത്. എന്നാൽ അതിന്റെ ശിക്ഷ അനുഭവിക്കും. ജാപ്പുകളുടെ വിജയം ഉദ്ഘോഷണസാദ്ധ്യം മാത്രമാണ്. മുതലിയാർ ഓർമ്മവെച്ചുകൊള്ളൂ.”

മുതലിയാർ ഒന്നും മിണ്ടിയില്ല. ആയാൾക്കരിശം തോന്നിയിരിക്കണം. അതേവരെയും തന്റെ കീഴിൽ പണിയെടുത്തിരുന്ന ഒരു വെറും ക്ലാക്കിന്റെ അതിരുകടന്ന അധികപ്രസംഗം കണ്ടില്ലേ? റംഗൂണിലെ ബോട്ടുജട്ടികളിൽ കൂലിയായി കഴിഞ്ഞുകൂടിയിരുന്ന ആ ചപ്രത്തലമുടിക്കാരനെ അന്നു ക്ലാക്കാക്കിയതേ അബദ്ധമായി. ഇങ്ങിനെ പലതും ആലോചിച്ച് അവസാനം ആയാൾ മുഞ്ഞി കറുപ്പിച്ചു തിരിഞ്ഞു നടന്നു.

പടി കടക്കുമ്പോൾ അവജ്ഞാപൂർവ്വം ആയാൾ ഒന്നു കാക്കിച്ചുതുപ്പി—ലക്ഷപ്രഭുവിന്റെ ധീരത!

ക്ലാക്ക് ഇതെല്ലാം നോക്കിക്കൊണ്ടുനിന്നു. എന്തായിരിക്കണം ആയാൾ ആലോചിക്കുന്നത്?

III

ആയാൾ ഒമ്പതു വർഷങ്ങളോളമായി അവിടെ വന്നിട്ട്. റംഗൂണിലെ ഓരോ തെരുവും ആയാൾക്കു സുപരിചിതമാണ്. ആ നഗരവുമായി ആയാൾക്കു എന്തോ ഒരു ബന്ധമുണ്ട്, ആത്മീയബന്ധം. അതുകൊണ്ടായിരിക്കാം—മറെറന്തു കാരണമാണ്?—ആയാൾ റംഗൂൺ വിടുവാൻ തീർച്ചയാക്കിയില്ല.

ശത്രുവിന്റെ ബോമ്പാക്രമണം കൊണ്ടു നഗരം കത്തിയെരിഞ്ഞു. പഗോഡകളും, കച്ചവടകേന്ദ്രങ്ങളും തകർന്നു തരിപ്പണമായി. അതാ, റംഗൂണിന്റെ ഏററവും മനോഹരമായ ആ തെരുവ്, വെറും വെണ്ണീർക്കുന്നുമാത്രം. സായാഹ്നവേളകളിൽ ഉല്ലസിക്കാൻ പോയിരിക്കാറുള്ള ഉദ്യാനത്തിൽനിന്ന് ഇന്നു ആയാളെ എതിരേൽക്കുന്നത് പുഷ്പസുരഭിയായ ബാലാനിലനല്ല; ശവങ്ങൾ വെന്തു കരിഞ്ഞ നാററമാണ്. അത്തീസുമുതലാളിയുടെ ഷാപ്പിൽനിന്നു ഗ്രാമഫോൺ റിക്കാഡിലൂടെ ദേവികാറാണിയും, ത്യാഗരാജനും പാടുന്നില്ല. ആ മൺപുറത്തിന്നുള്ളിൽനിന്നും ഒരു ഞരക്കം, ദീനരോദനം കേൾക്കുന്നു. ഏതോ ഒരു പാവം തന്റെ ജീവിതഗ്രന്ഥത്തിന്റെ അവസാനവരിയും വായിച്ചു തീർക്കുകയാണ്.

റംഗൂൺ, ബർമ്മയുടെ തലസ്ഥാനമായ റംഗൂൺ, മറുനാടന്മാരായ പണക്കാരെയും പാപ്പർമാരേയും ഒരുപോലെ ആകർഷിച്ച റംഗൂൺ എവിടെ? ഈ ചുടലക്കളമെവിടെ? ആയാൾ ആലോചിച്ചു. നശീകരണത്തിന്റെ നിഷ്ഠൂരതകളെപ്പററി ആലോചിച്ചപ്പോൾ ആയാളുടെ കണ്ണിൽ വെള്ളം നിറഞ്ഞു. ആ യുവാവ് കരഞ്ഞിട്ടു കാലം വളരെ കഴിഞ്ഞു. ആയാൾ അത്ര ദൃഢചിത്തനാണ്. മാതാപിതാക്കന്മാരുടെ മരണവാർത്ത കേട്ടപ്പോഴും, അതിദാരുണമായ ഹൃദയവ്യഥയുണ്ടായിരുന്നിട്ടും, ആയാൾ കരഞ്ഞിട്ടില്ല. പക്ഷെ ഇന്നാവട്ടെ, തന്റെ കളിക്കോപ്പുടഞ്ഞുപോയ ഒരു കുട്ടിയെപ്പോലെ ആയാൾ കരയുന്നു!

ഒരു ബോമ്പർവിമാനം അതിലൂടെ പറന്നുപോയി. ആയാൾ മേല്പോട്ടു നോക്കി. രാക്ഷസീയമായ അതിന്റെ അലർച്ച കേട്ടു ആയാൾ നടുങ്ങി. എന്തോ ഒന്ന് അതാ വീഴുന്നു. ആയാളുടെ തല കറങ്ങി; ആയാൾക്കു മനം പുരട്ടി; ഭൂമി ഉരുണ്ടതാണെന്നു ആയാൾ തികച്ചും കൺമുന്നിൽ കണ്ടു!

* * *

ആയാൾ കണ്ണുമിഴിച്ചു; രക്തം കട്ടപ്പിടിച്ചതിനാൽ തികച്ചും മിഴിഞ്ഞില്ല; ഒന്നു ഞരങ്ങി.

“ഭയപ്പെടാനൊന്നുമില്ല” അവൾ പറഞ്ഞു. “ജേഷ്ഠൻ ഇപ്പോൾ വരും, അവിടെ അമർന്നു കിടക്കൂ.”

ആയാൾ അമ്പരപ്പോടെ ചുററുംപാടും കണ്ണോടിച്ചു. താൻ സ്വപ്നം കാണുകയായിരിക്കുമോ? ഏതാണ് ഈ യുവതി? അലംകൃതമായ ഈ മുറിയേതാവണം?

ബാലസഹജമായ ആത്മാർത്ഥതയോടെ ആയാൾ ചോദിച്ചു “ഞാനെവിടെയാണ്?”

“നിങ്ങൾ....” അവൾ പറഞ്ഞതു ആയാൾ കേട്ടില്ല; വീണ്ടും ബോധക്കേടുണ്ടായി.

മാ ക്വീ ചെൻ റംഗൂണിലെ ‘കാൻടങ്ങ് കഫേയിലെ’ ഒരു പ്രവർത്തകനായിരുന്നു. ആയാൾക്ക് റംഗൂണിലെ ചൈനക്കാരുടെ ഇടയിൽ നല്ല ഒരു സ്ഥാനമുണ്ട്. അല്പം സാഹിത്യവൈഭവവും കവിത്വവും ആയാൾക്ക് സ്വായത്തമായുണ്ട്. “കവിതയിൽ പാചകവൃത്തി ചെയ്യുന്ന ആൾ” എന്നൊരു അപരനാമധേയം ആയാൾക്ക് സഹപ്രവർത്തകന്മാർ നൽകിയതിന്റെ കാരണവും ഇതു തന്നെയാണ്. ഒരിക്കൽ “ടാകങ്ങ് പാവോ” എന്ന പ്രഖ്യാതപത്രം ഈയാളുടെ ഒരു ലേഖനവും ഫോട്ടോവും പ്രസിദ്ധപ്പെടുത്തി. അതിന്നുശേഷം ആയാൾ സുപ്രസിദ്ധനായി, ബർമ്മയിലെ ചൈനീസ് നിവാസികൾക്കെല്ലാം ചെയിനെ അറിയാം.

തന്റെ വീട്ടിന്നു മുമ്പിൽ വന്നു വീണ ബോമ്പുമൂലം നശിച്ച വസ്തുക്കളുടെ അവശിഷ്ടങ്ങൾക്കിടയിൽ ചെൻ ഒരു മനുഷ്യൻ കിടക്കുന്നതു കണ്ടു. ആദ്യം മൃതദേഹമാണെന്നു വിചാരിച്ചു പക്ഷെ ചലനം കണ്ടപ്പോൾ ആയാൾ വീട്ടിലേക്കു എടുത്തുകൊണ്ടുപോയി. തന്റെ സഹോദരിയെ നോക്കാനേല്പിച്ചു ഡോക്ടരുടെ അരികിലേക്കോടി.

ഈ സംഭവം കഴിഞ്ഞു അഞ്ചാഴ്ച കഴിഞ്ഞപ്പോഴേക്കും റംഗൂൺ ജാപ്പുകൾക്കധീനമായി. ക്ലാക്കും ചൈനക്കാരനും ശത്രുവിനെ എതൃക്കാൻ തന്നെ തീർച്ചയാക്കി. എങ്ങിനെ? അവർക്കൊരു പിടുത്തവുമുണ്ടായിരുന്നില്ല. ചൈനീസ് ഗോറില്ലാ ഭടന്മാരെപ്പററിയുള്ള ചില ലഘുലേഖകളും പുസ്തകങ്ങളും അവർ പഠിച്ചു പക്ഷെ ആ സ്ഥിതിയൊന്നും ബർമ്മയിലില്ല. “ബർമ്മീസ് സ്വാതന്ത്ര്യസേന” ജപ്പാനു ഒററുനിൽക്കുന്ന വിവരം അവർക്കറിയാം. ബോസിന്റെ പ്രേരണയിൽ ചില ഇന്ത്യക്കാരും അഞ്ചാംപത്തിക്കാരായി മാറിയിരിക്കുന്നു—സ്വാതന്ത്ര്യമണ്ഡലത്തിലെ പുഴക്കുത്തുകൾ! അനാഥരായ, അന്തംമറിഞ്ഞ ജനങ്ങൾ, ആക്രമിച്ചടുക്കുന്ന ശത്രുസേനകൾ, അട്ടിമറിയൻ പ്രവർത്തനങ്ങളിലും ചാരവൃത്തിയിലും ഏർപ്പെട്ട അഞ്ചാംപത്തിക്കാർ—ഈ മൂന്നു ശക്തികൾക്കിടയിൽ രണ്ടു മൂന്നാളുകൾക്ക് എന്തു ചെയ്യാൻ കഴിയും?

പക്ഷെ നിത്യാഭ്യാസി ആനയെ എടുക്കും; നിരന്തര പരിശ്രമം ഫലപ്രദമാകാതിരിക്കാൻ നിവൃത്തിയില്ല. ഈ രണ്ടു പേരുടേയും പ്രവർത്തനങ്ങൾ അല്പാല്പം വിജയിക്കാൻ തുടങ്ങി. ജാപ്പുകളുടെ ക്രൂരത കണ്ടു അവരെ വെറുത്ത വളരെ ജനങ്ങൾ ഇവരോടു അനുഭാവം കാണിച്ചു. മാത്രമല്ല, ബർമ്മ സ്വാതന്ത്ര്യ സേനയിലെ വ്യാമോഹിതരായ പല ബർമ്മക്കാരും ചേരിമാറി; ചുരുക്കത്തിൽ ആ ക്ലാക്കും ഹോട്ടൽ പ്രവൃത്തിക്കാരനും റംഗൂണിലെ കൊച്ചു മാർഷൽ ടിറ്റോമാരായി!

ശത്രുക്കളെ കടന്നാക്രമിക്കുക, അവരുടെ പാളയങ്ങളിൽ കവർച്ച നടത്തുക, ഇതായിരുന്നു അവരാദ്യം ആരംഭിച്ച കൃത്യം. അങ്ങിനെ അവർ കുറെ ആയുധങ്ങൾ സംഭരിച്ചു. ക്ലാക്കിന്റെ കീഴിൽ 250 ഉം ഹോട്ടൽക്കാരന്റെ കീഴിൽ 250 ആയുധധാരികളായ ഗറില്ലകൾ പ്രവർത്തനം ആരംഭിച്ചു. ജാപ്പുകൾക്ക് ഇരിക്കപ്പൊറുതിയില്ലാതായി. ചിലപ്പോൾ കാവൽക്കാരുടെ സാമാനങ്ങൾ കാണാതാവും; മററു ചിലപ്പോൾ തലയും മോട്ടോർ സൈക്കിളും ലോറികളും തന്നെ നഷ്ടമായെന്നും വരും.

“ഈ കള്ളന്മാരെ നശിപ്പിക്കണം!” ജാപ്പു കമാണ്ടർ ഊർജ്ജിതമായി പ്രവർത്തിക്കുന്നതിന്നു കീഴുദ്യോഗസ്ഥന്മാരോടു ആജ്ഞാപിച്ചു. “ഈ കാട്ടെലികളെ അവററയുടെ മടയിലിട്ടുതന്നെ തീയിട്ടെരിക്കണം”

“ബർമ്മക്കു സ്വാതന്ത്ര്യം നൽകിയ ജാപ്പു ഭരണാധികാരികളെ ഉപദ്രവിക്കുന്നവർ രാജ്യദ്രോഹികളാണെന്നു” ജാപ്പാന്റെ പാവമന്ത്രി ബാമാ പ്രക്ഷേപണം ചെയ്തു. പക്ഷെ ഫലമുണ്ടായില്ല. അക്രമത്തിന്റെ അടിവേരറുക്കുന്നതിന്ന്, ജാപ്പു സാമ്രാജ്യത്തിന്റെ അടിസ്ഥാനം തുരന്നു കളയുന്നതിന്നു, ശ്രമിച്ച ആ ദേശാഭിമാനികൾ ഇതുകൊണ്ടൊന്നും കലുങ്ങിയില്ല. അവർ ജോലി മുറക്കു നടത്തി.

IV

“നിങ്ങൾക്ക് കുറച്ചിട കൂടി തന്നിരിക്കുന്നു. നായ്ക്കൾ” ക്രുദ്ധനായി മേശമേൽ ഇടിച്ചുകൊണ്ടു ജാപ്പുസേനാധിപൻ ശാസിച്ചു. “അതിന്നിടക്ക് എല്ലാം ആലോചിച്ചുറക്കണം. ഒന്നുകിൽ കൂട്ടുകാരെപ്പററി മുഴുവൻ വിവരങ്ങളും തരിക, അല്ലാത്തപക്ഷം അതാ” ആയാൾ കുറെ അസ്ഥിക്കൂടങ്ങൾ ചൂണ്ടിക്കാണിച്ചു, “നിങ്ങളുടെ വിധിയും ഇതുതന്നെ.”

അവരെന്തു കുററമാണു ചെയ്തതു്? തങ്ങളെ ആക്രമിക്കാൻ വന്നവരെ എതിർത്തു; ജനങ്ങളെ നായാടുന്ന നായ്ക്കളെ ആട്ടിത്തുരത്താൻ ശ്രമിച്ചു. അതു ഒരു കുററമാണോ? അതേ, ജാപ്പാന്റെ നിയമാവലിയിൽ സ്വാതന്ത്ര്യേച്ഛ ഒരു അപരാധമാണ്!

അവരിൽ നാലുപേരും വളരെ വിവശരായിരിക്കുന്നു. ഒരാൾമാത്രം ഗൌരവത്തിലാണ് അപ്പോഴും. അയേൺ ഫാക്ടറിയിലെ മേശ്ശൂരിക്കിലിരിക്കുമ്പോഴുള്ള അതേ മനോഭാവം തന്നെയാണ് ആയാളിൽ. അതേ പുഞ്ചിരിചുരണ്ട ചുണ്ടുകൾ; നീണ്ടു വിടർന്ന കണ്ണുകൾ, തുളച്ചു കയറുന്ന നോട്ടങ്ങൾ ആയാളുടെ ദേഹം പരവശമായിട്ടുണ്ട്; പക്ഷെ ആത്മാവ് പുഷ്ടിപ്പെട്ടിരിക്കയാണ്.

ഒരു വേലക്കാരത്തി പണത്തിന്നുവേണ്ടി അവരെ വഞ്ചിച്ചു. അഞ്ചു ജീവിതങ്ങൾ അമ്പതു

രൂപയ്ക്ക്, അഞ്ചു കടലാസുതുണ്ടുകൾക്കുവേണ്ടി. അവൾ ജാപ്പുകൾക്കു കൊടുത്തു. അവൾക്കൊരാഴ്ചത്തെ ശാപ്പാടായി, അഥവാ രണ്ടു ലുങ്കി വാങ്ങാം; ജാപ്പാൻകാർക്ക് 5 തിരയും ചെലവാകാം. അങ്ങിനെയാണ് അവർ അവിടെ വന്നുചേന്നതു. പാവപ്പെട്ട പെണ്ണേ, നീ എന്താണ് ചെയ്യുന്നതു്? അതിന്റെ അനന്തരഫലങ്ങൾ എന്താണെന്ന് നീയറിയുന്നുണ്ടോ? നിന്റെ സഹോദരിമാരെ മാനഭംഗം ചെയ്യുന്നവരും കുഞ്ഞുങ്ങളെ കൊത്തിക്കൊല്ലുന്നവരുമായ ജാപ്പുകൾക്കല്ലേ നീ ഒററു നിന്നതു്! അഹോ, നീ ഒരു മനുഷ്യസ്ത്രീയല്ല, നീചയായ പിശാചാണ്

“നിങ്ങളുടെ പേരെന്താണ്?” ജാപ്പു കമാണ്ടർ ചോദിച്ചു “നാടെവിടെയാണ്.”

പരമേശ്വരൻ: “ഞാനൊരു ഭാരതീയനാണ്” ക്ലാക്ക് പ്രതിവചിച്ചു. “കഷ്ടം! നിങ്ങളൊരു വങ്കനാണ്, തനിവങ്കൻ” പരിഹാസവും പരിതാപവും കലർന്ന സ്വരത്തിൽ ജാപ്പു കമാണ്ടർ പറഞ്ഞു തുടങ്ങി “സുബാഷ് ബോസിന്റെ നാട്ടുകാരൻ. ഛേ! നിങ്ങൾ നിങ്ങളുടെ നാട്ടിന്റെ സ്വാതന്ത്ര്യം ആശിക്കുന്നില്ലേ?”

“ഉവ്വ്, അതുകൊണ്ടാണു നിങ്ങളെയെതിർക്കുന്നതു്. ഞാൻ ബോസിന്റെ കൂട്ടാളിയല്ല. അതിൽ എനിക്കഭിമാനമുണ്ടു്. ശത്രുവിന്റെ കാലു നക്കാൻ, സേവ പിടിക്കാൻ, ആക്രമത്തിന്നു ഒററുനില്ക്കാൻ എന്റെ ഭാരതീയത്വം സമ്മതിക്കുന്നില്ല” ആയാൾ ആവേശഭരിതനായി പറഞ്ഞുതുടങ്ങി: “എന്റെ നാടിന്റെ സ്വാതന്ത്ര്യത്തിൽ എനിക്കു വിശ്വാസമുണ്ടു്. പക്ഷെ ജാപ്പു സാമ്രാജ്യത്വത്തിന്റെ വെണ്ണീറിൽ നിന്നുമാത്രമേ അതു മുളച്ചുപൊന്തുക. നിങ്ങളുടെ രക്തഛരവിയിൽനിന്നു മാത്രമേ സ്വാതന്ത്ര്യത്തിന്റെ ചെങ്കതിരുകൾ ഉദിക്കുകയുള്ളു. നിങ്ങൾ എന്റെ ബദ്ധശത്രുവാണ്. നിങ്ങളുടെ ബോസും ആയാളുടെ കിങ്കരന്മാരും! അവരൊക്കെ മാതൃഭൂമിയെ വ്യഭിചരിപ്പിക്കുന്ന മ്ലേച്ഛന്മാരാണ്, രാജ്യദ്രോഹികൾ.”

ജാപ്പുകൾക്കു അരിശം പിടിച്ചു; അവരന്യോന്യം പിറുപിറുത്തു. പക്ഷെ കമാണ്ടർ ശാന്തതയോടെയിരുന്നു.

“ഇന്ത്യൻ ദേശീയസേനയിൽ നിങ്ങൾക്കു വേണമെങ്കിൽ നല്ല ഒരു പദവി കിട്ടും. നിങ്ങളുടെ സമരനൈപുണ്യം ഒരു നല്ല ലക്ഷ്യത്തിന്നായി ഉപയോഗിച്ചുകൂടേ? ബോസിനോടു ഞാൻ ശുപാശ് ചെയ്യാം” കമാണ്ടർ പരമേശ്വരനെ പ്രലോഭിപ്പിക്കാൻ തുടങ്ങി “വെറുതെ ആപത്തു വലിച്ചിടേണ്ട.”

“നിങ്ങളുടെ ഉദ്യോഗവും, പദവിയും എനിക്കു പുല്ലാണ്. ഒരെല്ലിൻ കഷണത്തിന്നുവേണ്ടി വാലാട്ടാൻ ഞാൻ ബോസിനെപ്പോലെ ഒരു പട്ടിയല്ല. ബോസിനോട് നിങ്ങൾ ശുപാശ് ചെയ്യണമെന്നില്ല. പക്ഷെ ഒരു സ്വതന്ത്രനായ ഇന്ത്യക്കാരന്റെ സന്ദേശം ആയാളെ അറിയിക്കുക: ‘സ്വരാജ്യത്തിനെ അവമാനിച്ചതിന്നു ഞങ്ങൾ ആയാൾക്ക് തക്ക ശിക്ഷകൊടുക്കുമെന്ന്’.”

“അപ്പോൾ . . .” വീണ്ടും ജാപ്പു കമാണ്ടർ പറഞ്ഞു.

“നിങ്ങളുമായി അധികം സംസാരിക്കുന്നതിന്ന് ഞങ്ങൾക്കിഷ്ടമില്ല” ക്ലാക്ക് ശുണ്ഠിയോടെ പറഞ്ഞു.

“ഇവററയെ ജെയിലിലിടുക” കമാണ്ടർ ആജ്ഞാപിച്ചു “നാളെ പത്തുമണിക്കു അവരുടെ ഉടലും തലയും വേറെയാക്കണം. ഈ പെറുക്കികളാണത്രേ ജാപ്പു ചക്രവർത്തിയെ എതിർക്കുന്നതു്! സൂര്യവംശജനായ ആ മഹാരാജരാജേശ്വരന്റെ രോമത്തിന്നുപോലും കേടു പററുമോ ഇവററമൂലം? സഖ്യശക്തികൾ! ഹും, ഞങ്ങൾ ആ പെരുച്ചാഴികൾക്കു കാണിച്ചു കൊടുക്കാം. ഇവററയെ കൊണ്ടുപോവിൻ. എവിടെ മാതൻ, എന്റെ കാമിനിയായ ബർമ്മീസ് സുന്ദരി? അവളെ വിളിക്കൂ. കുറച്ചു ഉല്ലസിക്കട്ടെ”

ഭടന്മാർ തടവുകാരെയുംകൊണ്ടു പുറത്തു പോയി.

V

ഘടികാരത്തിന്റെ മിനുട്ട് സൂചി 90 ഡിഗ്രി കൂടി ഉയരണം. എന്നാൽ ആ ദുർദ്ദശ വന്നെത്തിക്കഴിയും. പത്തുമണി! അവരുടെ ഹൃദയം അരമണിക്കൂർ കൂടിയേ മിടിക്കുകയുള്ളു; മുപ്പതു നിമിഷം മാത്രമേ ലോകത്തിന്റെ വെളിച്ചം അവർ കാണുകയുള്ളു. മണി പത്തായാൽ.... ഇല്ല....പിന്നെയെല്ലാം അവരെ സംബന്ധിച്ചേടത്തോളം, ശൂന്യമാണ്. മരണത്തിന്റെ കാലടിപ്പാടുകൾ അവരുടെ ചെവിട്ടിൽ പ്രതിധ്വനിക്കാൻ തുടങ്ങി. അടുത്ത മുറിയിൽനിന്നു കേൾക്കുന്ന ഘടികാരത്തിന്റെ ടിക്, ടിക് ശബ്ദം, മരണത്തിന്റെ പദവിന്യാസസ്വരമല്ലെങ്കിൽ, മറെറന്തായിരിക്കും?

മരണത്തിന്റെ വക്കത്തു കഴിഞ്ഞുകൂടുക, അതു മരണത്തെക്കാൾ ആപൽക്കരമാണ്. ആ തടവുകാർക്ക് ജീവിതവും മരണവുമായിട്ടു അല്പനിമിഷങ്ങൾ മാത്രമേ അടുപ്പമുള്ളു. അതിന്നുള്ളിൽത്തന്നെ അവരെത്ര പ്രാവശ്യം മരിക്കുകയും ജീവിക്കുകയും ചെയ്യുന്നുണ്ടാവും? ഹാവൂ....!

സൂര്യരശ്മികൾ ആ മുറിയിലുമുണ്ടു്. അവസാനമായി അവരെ അവ തലോടുന്നു. ചാ പോ ഫെയിനിന്റെ മൃതദേഹം ആ വെളിച്ചത്തിൽ തികച്ചും വെറുങ്ങലിച്ചതാ കിടക്കുന്നു. ആയാൾ ചൈന വിട്ടിട്ടു 17 വർഷമായി. ചൈനീസ് സിൽക്കു വ്യാപാരിയും ദന്തവൈദ്യനുമായി ആയാൾ റംഗൂണിൽ ജീവിതം നയിച്ചു. എത്ര ആളുകൾക്ക് ആയാൾ പുത്തൻപല്ലു വെച്ചുകൊടുത്തിട്ടുണ്ടെന്നോ? ആയാൾ സൌജന്യമായി പല്ലു വെച്ചുകൊടുത്ത ബർമ്മീസ് പെണ്ണല്ലെ ഒടുവിൽ ആയാളെ ചതിച്ചു ജാപ്പുകൾക്ക് ആയാളെപ്പററി അറിവുകൊടുത്തതു്? ആ ശവം, നാറിത്തുടങ്ങിയ ശവം, ചാ പോ ഫെയിനിന്റെ ശവം, അതും കാത്ത് അടുത്ത കുററിപ്പൊന്തകളിൽ കുറുക്കന്മാർ വായിൽ വെള്ളമിറക്കി പതുങ്ങിയിരിപ്പുണ്ടാവാം.

പരമേശ്വരൻ മണി ഒമ്പതേമുക്കാൽ അടിക്കുന്നതു കേട്ടു. 15 നിമിഷം മാത്രം! ബാക്കി മൂന്നു പേരും തികച്ചും ജീവച്ഛവങ്ങളായിരിക്കുന്നു. മാ-ഷീ-ചെൻ ഇവരുടെ കൈവശം പെടാതിരുന്നുവെങ്കിൽ! അവർക്കെല്ലാം ഈ ഒരു പ്രാർത്ഥനയേ ഉണ്ടായിരുന്നുള്ളു.

“സഖ്യസേനകൾ ഇപ്പോൾ റംഗൂണിലെത്തിയിരുന്നുവെങ്കിൽ!” അതിലൊരാൾ പെട്ടെന്നു പറഞ്ഞു. നല്ല അഭിലാഷം; ആരും ഒന്നും പറഞ്ഞില്ല. സഖ്യസേന വന്നാൽക്കൂടെ ചാ പോ ഫെയിനിന്റെ ശവം ഉയിർത്തെഴുന്നേൽക്കില്ല. അതു നാറിത്തുടങ്ങി.

പരമേശ്വരൻ ആയാളുടെ ഭൂതകാലജീവിതത്തിലേയ്ക്കു അവസാനമായി ഒന്നു കണ്ണോടിച്ചു. വടക്കെ മലബാറിലെ തന്റെ ദരിദ്രകുടുംബം; വിദ്യാഭ്യാസം ചെയ്യാൻ സാധിക്കായ്ക; തെങ്ങിൽനിന്നു വീണു മരിച്ച തന്റെ പിതാവിന്റെ ശവശരീരം; അടുപ്പിന്നടുക്കൽനിന്നു തേങ്ങിക്കരയുന്ന തന്റെ അമ്മ; കണ്ണൂർ റയിൽവെ പ്ലാററ്ഫോറം; മദിരാശിയിലെ പട്ടിണി, ഇവയെല്ലാം ആയാളുടെ സ്മരണയുടെ തെളിച്ചില്ലിൽ പ്രതിബിംബിച്ചു. ആയാളുടെ ഇന്ത്യ, പട്ടിണിയുടെ ഇന്ത്യയാണ്. ദാരിദ്ര്യത്തിന്റെയും കഷ്ടതകളുടേയും ഇന്ത്യയാണ്. ആയാൾക്കാവശ്യമുള്ള സ്വാതന്ത്ര്യം ഇന്ത്യയിലെ മണ്ണിന്റെ സ്വാതന്ത്ര്യമല്ല; ആ രാജ്യത്തെ മനുഷ്യരുടെ സ്വാതന്ത്ര്യമാണ്. ആ സ്വാതന്ത്ര്യം ലോകത്തിലെ ജനങ്ങളുടെ സ്വാതന്ത്ര്യത്തോടു അവിഭാജ്യമാംവിധം ബന്ധപ്പെട്ടതുമാണ്. അപ്പോൾ, ലോകത്തിലെ ജനങ്ങളുടെ സ്വാതന്ത്ര്യം, ബ്രിട്ടനിലേയും ബർമ്മയിലേയും, ചൈനയിലേയും, മലയയിലേയും, വടക്കെ ആഫ്രിക്കയിലേയും, ഇററലിയിലേയും ജനങ്ങളുടെ സ്വാതന്ത്ര്യം ആയാളുടെ സ്വാതന്ത്ര്യമാണ്. അതിന്നുവേണ്ടി എപ്പോഴും എവിടെനിന്നും പോരാടാം. അതാണ് ആയാൾ ബർമ്മയിൽനിന്നു ഓടിപ്പോവാത്തതു്. അത്ര കനത്ത ആശയഗതിയിൽ ആയാൾ അടിയുറച്ചിരുന്നു.



ആരാക്കാൻ മുനയിൽ ‘കലാഡൻ’ താഴ്‌വരയിലെ യുദ്ധത്തിൽ പ്രദർശിപ്പിച്ച അനന്യസാധാരണമായ പരാക്രമംമൂലം ‘വിക്ടോറിയാക്രോസ്’ നേടിയ ഹവിൽദാർ ഉമാ റാവു സിങ്ങ്

വാതിലിൽ ഒരു കിരുകിരാ ശബ്ദം. ഉവ്വ്, യമകിങ്കരന്മാർ എത്തിക്കഴിഞ്ഞു. ആ തടവുകാർ ജെയിൽ മുററത്തേയ്ക്കു് ശ്മശാനത്തിലേയ്ക്കു് തന്നെ ആനീതരായി: ചാ പോ ഫെയിൻ മരിച്ചതു നന്നായി; ആയാളുടെ ശവത്തെ അവർ ഇനി വെടിവെക്കുകയില്ല.

“ഇപ്പോഴെങ്കിലും നിങ്ങൾ വിവരങ്ങൾ പറയുന്നുവോ?” ജാപ്പു കമാണ്ടർ ഉഗ്രതയോടെ ചോദിച്ചു. “എവിടെയാണ് നിങ്ങളുടെ ക്യാമ്പ്?” മുററത്തു നിരന്നു നിൽക്കുന്ന നാലുപേർ ചുററിലും ഒന്നു നോക്കി എന്നിട്ടു അന്യോന്യം മുഖത്തോടു മുഖം നോക്കി. എന്താണ് ആ ബർമ്മീസ് യുവാവ് ചുണ്ടനക്കുന്നതു്? ആയാൾ.
. . . . . . . .

“ഞങ്ങൾക്കൊന്നും പറയാനില്ല” പരമേശ്വരൻ ഇടയിൽക്കടന്നു പറഞ്ഞു, “സഖ്യസേനകൾ നിങ്ങൾക്ക് അടുത്ത് ഇതിന്നുള്ള ശിക്ഷ നൽകുമെന്നല്ലാതെ.”

“ഹ-ഹ-ഹ” ആ യമകിങ്കരൻ പൊട്ടിച്ചിരിച്ചു. “സഖ്യസേനകൾ ശിക്ഷ നൽകുക. ഹൂ” ആയാൾ തന്റെ നനുത്ത മീശയിൽ തിരുപ്പിടിച്ചു! “സഖ്യസേനകളൊക്കെ ഐരാവതി നദിയിൽ മുങ്ങിചത്തു. അവർ മിടുക്കന്മാരാണെങ്കിൽ ഇപ്പോൾ കാണട്ടെ.” പ്രഹ്ലാദനോടു നാരായണനെവിടെ എന്നു ചോദിച്ച ഹിരണ്യകശിപുവിന്റെ മട്ടിൽ ആയാൾ വീരവാദം ചെയ്തു.

നാലു തടവുകാർ നിരന്നു നിൽക്കുന്നു; അവരുടെ മുമ്പിൽ തോക്കു ചൂണ്ടിക്കൊണ്ടു കുറെ ജാപ്പുകളും. “ഒന്നു” ജാപ്പു കമാണ്ടർ പറഞ്ഞു “ഇനി അഞ്ചു നിമിഷമേയുള്ളു, പറയാനിപ്പോഴെങ്കിലും ഭാവമുണ്ടോ?”

“ഇല്ല.”

“രണ്ടു. ഇനി രണ്ടു നിമിഷം, വേഗം, മരിക്കേണ്ടെങ്കിൽ പറഞ്ഞുകൊള്ളുവിൻ.”

“ഹൂ! നിന്റെ കാരുണ്യം” പരമേശ്വരൻ കാക്കിച്ചു തുപ്പി. ഒരൊററ നിമിഷം മാത്രം! എന്നാൽ വെടിയുണ്ടകൾ.....

“മൂ - മൂ - മൂ” അതാ ജാപ്പു കമാണ്ടർ മറിഞ്ഞുവീഴുന്നു. ജാപ്പു ഭടന്മാർ ആയുധങ്ങൾ താഴെ വെച്ച് കൈകൾ പൊന്തിക്കുന്നു.

പതിനാലാം പട കീ ജേയ്!

# സ്വാതന്ത്ര്യത്തിന്റെ ചുംബനം



**ജനങ്ങളും ആയുധമെടുക്കുന്നു**

"സ്വാതന്ത്ര്യം തന്നെയമൃതം,
സ്വാതന്ത്ര്യംതന്നെ ജീവിതം,
പാരതന്ത്ര്യം മാനികൾക്ക്,
മൃതിയേക്കാൾ ഭയാനകം."

ഈ തത്വം സ്വീകരിച്ചു തങ്ങളുടെ സ്വാതന്ത്ര്യം സംരക്ഷിക്കുന്നതിനു സന്നദ്ധരായ ബ്രിട്ടീഷ് ഹോം ഗാർഡുകൾ.



**സ്വാതന്ത്ര്യത്തിന്റെ ചുംബനം.**

1944 ആഗസ്റ്റ് 26-ാനു പാരീസ് മോചിതമായപ്പോൾ, ബ്രിട്ടീഷ്സേനയിലെ ഒരു ഭടനും ഫ്രഞ്ചു് പൌരന്മാരും.




**വിവ് ലാ ദി ഗാൾ!**

ജനറൽ ദി ഗാൾ ബായെ സന്ദർശിച്ചപ്പോൾ അദ്ദേഹത്തിനു നല്കിയ ഉത്സാഹപൂരിതമായ സ്വീകരണം.



**പ്രതികാരം.**

പാരീസിൽനിന്നു ഫ്രഞ്ചുസേനകൾ ഒരു ശത്രുവിനെയും ആട്ടിത്തുരത്തുന്നു.

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.